2013 ജനുവരി-ഫെബ്രുവരി

# ലിറ്റിൽ മാസിക 144



## ചെറുവയൽ രാമൻ അഥവാ
## വിത്തിന്റെ കാവലാൾ

## ലോക സർക്കാർമാൻ
ഗ്യാരിഡേവിസിന്റെ അന്വേഷണങ്ങൾ..

## രാജസ്ഥാൻ ഹൈക്കോടതി
## മൊബൈൽ ടവറിനെതിരെ...

## നിങ്ങൾ വാൾമാർട്ടിനോട്
## വിലപേശുമോ?

കഥ

**മാൻ ഓഫ് സ്മോൾ തിംഗ്സ്**



ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ,
മലപ്പുറം-679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.*

copyleft

മഹത്തായ കാര്യങ്ങൾ ചെയ്യാൻ നമ്മളിൽ
പലർക്കും കഴിയുകയില്ല.
പക്ഷേ, ചെറിയ കാര്യങ്ങൾ
വലിയ സ്നേഹത്തോടെ
ചെയ്യാൻ നമുക്കെല്ലാംകഴിയും.

- മദർതെരേസ


### എഡിറ്റോറിയൽ പോളിസി

*സാധാരണത്തം, ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ,കാട്, നദി,ചെറുപ്രാണികൾ, ധ്യാനം,പുഞ്ചിരി....ഇതൊക്കെ അരാഷ്ട്രീയമെന്നും, പ്രതിലോമകരം എന്നുമൊക്കെ തോന്നാം. എന്നാൽ ചെറുതെന്നും അപ്രസക്തമെന്നും കരുതാവുന്ന ഇവയിലൊക്കെ ഉള്ളടങ്ങിയ സൂക്ഷ്മരാഷ്ട്രീയം അവഗണിക്കാവതല്ല.അതിനാൽ ചെറിയ കാര്യങ്ങളിലെ ജാഗ്രതയും ഒരു തരത്തിലുള്ള രാഷ്ട്രീയ ഇടപെടൽ തന്നെ.*

*കവർ-*
***ചെറുവയൽ രാമൻ***

യഥാർത്ഥ സന്തോഷം ചിലവേറിയതല്ല. അത് ജീവിതസൗന്ദര്യത്തിന്റെയും ബന്ധങ്ങളുടെ താളപ്പൊരുത്തത്തിന്റെ സ്വാഭാവികമായ ഉറവകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

-രവീന്ദ്രനാഥ ടാഗോർ



# നിശ്ശബ്ദത

വി.ജി. തമ്പി

*നിശ്ശബ്ദതയാണ് ഒരാൾക്ക് വായിക്കാൻ കൊടുക്കാവുന്ന ഏറ്റവും നല്ല പുസ്തകം.*

നിശ്ശബ്ദതയ്ക്കുള്ളിലാണ് ഏറ്റവും അർത്ഥവത്തായ ശബ്ദങ്ങൾ നാം കേൾക്കുന്നത്. ഒരു മനുഷ്യൻ മൗനത്തിലാണ് ശ്രദ്ധയും ജാഗ്രതയും സൂക്ഷ്മതയും ആഴവും അതിരറ്റ രീതിയിൽ അനുഭവിക്കുന്നത്. ജീവിതത്തിന് നിഗൂഢതയുടെ ആന്തരികസാധ്യതകൾ വെളിപ്പെടുത്തിക്കൊടുന്നത് അയാൾക്കുള്ളിലെ നിശ്ശബ്ദതയാണ്. ഈശ്വരൻ നമുക്കുള്ളിലിരുന്നു സംസാരിച്ചുതുടങ്ങുമ്പോൾ ജനിക്കുന്നതാണ് നിശ്ശബ്ദത.

നിശ്ശബ്ദത ഒരു മനുഷ്യന്റെ ജീവിതത്തിലേക്ക് എങ്ങനെയാണ് പ്രകാശിക്കുന്നത്? നിരപ്പായ വഴികളിലൂടെ നടക്കുന്ന ഒരാൾ ആഴങ്ങളറിയുന്നതപ്പോഴാണ്. ഉച്ചരിച്ച വാക്കുകളുടെ പൊള്ളത്തരങ്ങളിൽ നിന്ന് ഒരിക്കലും ഉച്ചരിക്കാതെ പോയ തനിക്കുള്ളിലെ പ്രണയസ്വരം കേൾക്കുന്നതപ്പോഴാണ്. ഏറ്റവും കനിവാർന്ന പുഴയുടെ ഒഴുക്കിലാണയാൾ. നിശ്ശബ്ദതയാണ് ഒരാൾക്ക് വായിക്കാൻ കൊടുക്കാവുന്ന ഏറ്റവും നല്ല പുസ്തകം. നിശ്ശബ്ദതയെ വായിക്കട്ടെ അയാൾക്കുള്ളിലെ ആകാശങ്ങൾ സംസാരിക്കുന്നത്, ആളിക്കത്തുന്നത്, മഴവില്ലുകൾ വിരിയുന്നത് എല്ലാമയാൾ നിശ്ശബ്ദതയിൽ വായിക്കട്ടെ.

എന്റെ ജീവിതത്തിലെ ഏറ്റവും മുന്തിയ നിമിഷങ്ങളെല്ലാം നിശ്ശബ്ദതയുടെ ഈറക്കുഴലിൽ നിന്നും ഞാൻ കേട്ട വിഷാദഗാനങ്ങളാണ് Sometimes I feel like a motherless child.. എന്ന ആ പഴയ ഇംഗ്ലീഷ് ഗാനം മഴ ചാറുന്ന ഒരു മങ്ങുഴത്തിൽ കേട്ടുനോക്കൂ. വിശുദ്ധമായ ഒരു വിഷാദത്തിന്റെ കണ്ണീർച്ചോലയിലാകും നാമപ്പോൾ. ഏകാന്തത ഒരു നദി പോലെ നമുക്കിടയിലൂടെ ഒഴുകിക്കൊണ്ടിരിക്കും. അമ്മയില്ലാത്ത ലോകത്തിലെ എല്ലാ അനാഥക്കുഞ്ഞുങ്ങളുടെയും പിടച്ചിൽ പ്രാണനോടൊപ്പം വിങ്ങി വിങ്ങി നിൽക്കും. നിശ്ശബ്ദത പതുക്കെ പതുക്കെ നമ്മുടെ ആത്മാവിനെ കരളാൻ തുടങ്ങും. ആ പാട്ട് തീരുന്നതോടെ നിശ്ശബ്ദത നമ്മുടെ ശരീരത്തെയും ഭക്ഷിച്ചു കഴിഞ്ഞിട്ടുണ്ടാകും. മനുഷ്യർ മുഴുവനും മാതൃത്വത്തിനായി ദാഹിക്കുന്ന അനാഥത്വത്തിന്റെ വിഷാദത്തിലാണെന്ന സത്യത്തിൽ നാം സ്നാനപ്പെടും. നിശ്ശബ്ദതയുടെ ഇത്തരം വിഷാദസന്ധ്യകളാണ് എന്റെ ജീവിതത്തിന്റെ ഏറ്റവും മുന്തിയ ഉന്മത്ത നിമിഷങ്ങൾ.

മൗനം ഒരു ആത്മശുശ്രൂഷയായി നമ്മുടെ ഉള്ളകങ്ങളെ വെടിപ്പാക്കിക്കൊണ്ടിരിക്കും. ലോകത്തിന്റെ മഹാപണ്ഡിതൻമാർക്കൊന്നും തങ്ങളുടെ സൈദ്ധാന്തിക വൈഭവങ്ങൾകൊണ്ട് ഒരാളുടെ പോലും ആന്തരികതയിലേക്ക് പ്രവേശിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ബുദ്ധിപരമായ വ്യായാമങ്ങളും അഭ്യാസങ്ങളും വാക്കുകളിൽ ഹിംസയാണ് നിറയ്ക്കുക. എന്നാൽ മഹാകാരുണികൻമാരായ ഗുരുക്കൻമാർ നിശ്ശബ്ദതയിൽ നിന്നാണ് ഒരു അരുവിയെ പുറപ്പെടുവിപ്പിക്കുന്നത്. മൗനമുദ്രിതം ബുദ്ധമന്ദഹാസം എന്ന് ഒരു കവിതയിൽ ഞാനെഴുതിയിട്ടുണ്ട്. മൗനമാണ് ബുദ്ധന്റെ ശിക്ഷണരീതി. ദാഹജലം ശേഖരിക്കാൻ പോയ ശിഷ്യൻ പുഴ കലങ്ങിയിരിക്കുന്നതുകണ്ട് തിരിച്ചുപോന്നു. പുഴയിലെ ചെളിവെള്ളം തെളിയും വരെ അൽപനേരം കാത്തിരിക്കാൻ ഗുരു പറഞ്ഞു. പ്രശാന്തമായ ആ കാത്തിരിപ്പാണ് നിശ്ശബ്ദത. കലങ്ങിമറിഞ്ഞ ഏതൊരു പുഴയുടെയും മാലിന്യം നിശ്ശബ്ദത കൊണ്ട് ശുദ്ധീകരിക്കാൻ കഴിയും.

*(വി.ജി. തമ്പി രചിച്ച നിശ്ശബ്ദനായിരിക്കാൻ അവകാശമുണ്ട് എന്ന പുസ്തകത്തിൽ നിന്ന്- ഗ്രീൻ ബുക്സ്)*

***Editorial*** *Editor:Biju John, Co-ordinating Editor:Abdullakkutty Edavanna.Team:Jayaprakash Nilambur,Chandrababu Trikkalangodu,Satheesh Chalippadam,P M John,Harris Nenmeni, ,Typing -Jaseela*

സമീപഭാവിയിലോ പിൽക്കാലത്തോ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികലാഭം കിട്ടുമെന്ന് പ്രതീക്ഷിക്കാതെ നാം ചെയ്യുന്ന ചില സംഗതികളുണ്ട്. പ്രകൃത്യാ ചെയ്യുന്ന കാര്യങ്ങൾ. നാം സംഗീതം കേൾക്കുന്നത് സാമ്പത്തിക ലാഭം പ്രതീക്ഷിച്ചല്ല. സംഗീതം ആസ്വദിക്കുകയാണ്. മരത്തണലിൽ നമ്മൾ ഇരിക്കുന്നതും അങ്ങനെതന്നെ. തണലിലെ ഇരുത്തം നാം ആസ്വദിക്കുന്നു. അതിന് വിലയിടാനാകില്ല.

-ഡോ. ദെബൻ ദേബ്



രാഷ്ട്രീയം

# നിങ്ങൾ വാൾമാർട്ടിനോട് വിലപേശുമോ?

ലിമാ എഡിറ്റോറിയൽ ഡെസ്ക്

റിയാസ് അഹമ്മദ് പലഹാരം പായ്ക്കിലാക്കി കൊണ്ടുനടന്ന് വിൽപ്പന നടത്തുന്നയാളാണ്. വീടുകളിലും ഓഫീസുകളിലും ബസ് സ്റ്റാന്റിലുമൊക്കെ ഉണ്ണിയപ്പവും കുഴലപ്പവും അരിനുറുക്കും മറ്റും പായ്ക്കറ്റിലാക്കി ബാഗിൽ നിറച്ച് അതിരാവിലെ വീട്ടിൽ നിന്നിറങ്ങും. പുലർച്ചെ റിയാസിന്റെ ഉമ്മയും ഭാര്യയും ചേർന്നുണ്ടാക്കുന്ന നാടൻ പലഹാരങ്ങളാണ് എല്ലാം. ഒരിക്കൽ ഒരു സർക്കാർ ഓഫീസിൽ വിൽപ്പനയ്ക്ക് ചെന്നതായിരുന്നു. എട്ടെണ്ണമുള്ള ഉണ്ണിയപ്പത്തിന്റെ ഒരു പായ്ക്കറ്റിന് 24 രൂപ വിലയുണ്ടെന്ന് പറഞ്ഞപ്പോൾ ഓഫീസിലെ ചാരുകസേരയിൽ ചാഞ്ഞുകിടന്ന് ഉദ്യോഗസ്ഥരിൽ ഒരാൾ വിലപേശിത്തുടങ്ങി. 20 രൂപ തന്നാൽ പോരേ. വീട്ടിലുണ്ടാക്കുന്ന സാധനമല്ലേ. എന്താണ് ഇതിനൊക്കെ ഇത്ര ചിലവ്? കുറച്ച് അരിയും എണ്ണയും ശർക്കരയും ഒക്കെയല്ലേ ആവശ്യമുള്ളൂ. ഇതൊക്കെയായിരുന്നു ഉദ്യോഗസ്ഥന്റെ ന്യായങ്ങൾ. പതുക്കെ അടുത്ത കസേരകളിലിരുന്നവരും ഒപ്പം കൂടി. സാധനത്തിന് വില കൂടുതലാണ്. നിലവാരമില്ലാത്തതാണ്. ഞങ്ങൾ ഒന്നിച്ച് 5 പായ്ക്കറ്റെടുത്താൽ 15 രൂപയ്ക്ക് തരാൻ പറ്റുമോ? അവരെല്ലാവരും കൂടി ചോദിച്ചു. വെയിലത്ത് വലിയ ബാഗും തൂക്കി നടന്നു ക്ഷീണിച്ച ചെറുപ്പക്കാരൻ പെട്ടെന്ന് ക്ഷോഭിച്ചുകൊണ്ടു ചോദിച്ചു. നിങ്ങൾ വാൾമാർട്ടിനോട് വിലപേശുമോ സാർ? നിങ്ങൾ ജോയ് ആലുക്കാസിനോടും റിലയൻസിനോടും വിലപേശുമോ? പോട്ടെ കൊള്ളാവുന്ന ഒരു സൂപ്പർ മാർക്കറ്റിൽ കയറിയാൽ നിങ്ങൾ വിലപേശുമോ?

മുമ്പൊരിക്കൽ പാഠഭേദം മാസികയിൽ യു.ജി.സി പ്രൊഫസർമാർ മീൻകാരിയോട് വിലപേശിയത് എന്ന തലക്കെട്ടിൽ ഒരു ലേഖനം വന്നതോർക്കുന്നു. വീട്ടിൽ വരുന്ന മൺകലം വിൽപ്പനക്കാരിയോട്, പഴയ സാധനം വാങ്ങുവാൻ വരുന്നവരോട്.. നാം വിലപേശുന്നു. വലിയ ഷോപ്പിംഗ് മാളിൽ പുഞ്ചിരിച്ചുകൊണ്ട് സെയിൽസ്മാൻ പറയുന്ന വില കൊടുത്ത് ബ്രാൻഡ് നെയിമുള്ള സാധനങ്ങൾ വാങ്ങുന്നവർ തന്നെയാണ് നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന പാവങ്ങളിൽ പാവങ്ങളായ ചില്ലറ വിൽപ്പനക്കാരോടും മറ്റും ഇത്ര പരുഷമായി പെരുമാറുന്നത്.

## ബ്രാൻഡ് നെയിമുകളോട് എന്താണിത്ര പ്രിയം

എന്തും ബ്രാന്റഡ് ആണെങ്കിൽ ഓ.കെ എന്നു പറയുന്നവരാണ് ഏറെ. ആഗോളവൽക്കരണത്തിനെതിരെ സമരം നടത്തുന്ന ചെറുതും വലുതുമായ സംഘടനകളിലെ അംഗങ്ങൾ മാത്രം വിചാരിച്ചാൽ, അവരുടെ വാങ്ങൽ ശീലങ്ങളിൽ അൽപ്പമൊന്ന് ശ്രദ്ധ വെച്ചാൽ അതാവും കോർപ്പറേറ്റുകൾക്കുള്ള നല്ല തിരിച്ചടിയാവുക.

പ്രസിദ്ധമായ ഒരു ബ്രാന്റഡ് ഷൂ നിർമ്മാണ കമ്പനിയുടെ കൽക്കട്ടയിലെ നിർമ്മാണരീതി കണ്ടുമനസ്സിലാക്കിയ ഒരാൾ പറഞ്ഞിട്ടുണ്ട്. അതുണ്ടാക്കുന്നത് ദാരിദ്ര്യം കുമിഞ്ഞ ചേരികളിൽ തികച്ചും ശോചനീയമായ ഭൗതികസാഹചര്യങ്ങളിൽ ആളുകൾ ഉണ്ടാക്കുന്ന പാദരക്ഷകൾക്ക് തങ്ങളുടെ വിലപിടിപ്പുള്ള മുദ്ര പതിപ്പിക്കൽ മാത്രമാണത്രേ കമ്പനിയുടെ ജോലി. വീണ്ടും സാധനങ്ങൾ കൊണ്ടുനടന്നു വിൽക്കുന്ന റിയാസ്മാരിലേക്ക് വരാം. ഒരുപാട് പേരുണ്ട് ഇത്തരം സ്വയംതൊഴിലുടമകൾ. കയറിയിരിക്കാൻ ഒരു പീടികമുറിയോ അണിനിരക്കാൻ ഒരു കൊടിക്കൂറയോ ഇല്ലാത്ത അസംഘടിതരായ കൊണ്ടുനടന്നു വിൽപ്പനക്കാർ. വൻകിട ഭക്ഷ്യോൽപന്ന സ്ഥാപനങ്ങൾക്കു പകരം ഇടയ്ക്കെങ്കിലും ഇത്തരം കൊണ്ടുനടന്നു വിൽക്കുന്നവരെ പരിഗണിച്ചാൽ.....


## ശങ്കരൻകുട്ടിയുടെ ബാർബർ ഷോപ്പ്..

ഗൾഫിൽ നിന്നും തിരിച്ചെത്തിയ ചിലർ ആരംഭിച്ച ഹൈടെക് സലൂണുകളിൽ (ബ്യൂട്ടിപാർലറുകളായി മാറിയിട്ടുണ്ട് ബാർബർ ഷോപ്പുകളിപ്പോൾ) ആളുകൾ ഇടിച്ചുകയറിയതോടെ ശങ്കരൻകുട്ടിയുടെ പഴയ കുടുസ്സുമുറിയിൽ പരിമിതമായ സാഹചര്യങ്ങളിൽ എ.സി.യും ടി.വിയും ഇല്ലാത്ത ബാർബർ ഷോപ്പിൽ തന്നെ തിരഞ്ഞുപിടിച്ചു കയറുന്ന ഒരു വിദ്യാർത്ഥിയെ പരിചയപ്പെട്ടു. തീരെ ആളു കയറാത്ത ഈ ബാർബർ ഷോപ്പിനോടും അതിനകത്ത് വിഷണ്ണനായി കുത്തിയിരിക്കുന്ന ഈ ബാർബറോടുമുള്ള ഒരു പ്രത്യേക സ്നേഹമാണത്രേ ആ വിദ്യാർത്ഥിയെ അതിന് പ്രേരിപ്പിച്ചത്. നാം കൊടുക്കുന്ന 30 രൂപ കൊണ്ട് ചിലപ്പോൾ ശങ്കരൻകുട്ടിമാരുടെ വീട്ടിലെ അടുപ്പ് പുകഞ്ഞേക്കും.

കോട്ടയത്തെ ശീമാട്ടി എന്ന ബഹുനില വസ്ത്രശാലയ്ക്കു സമീപം ഒറ്റമുറിയിൽ ഒരു ചെറിയ തുണിഷോപ്പ് കണ്ടു. പേരുകേട്ട വലിയ വസ്ത്രശാലയ്ക്ക് തൊട്ടടുത്ത് ഒരു കൊച്ചുകടയിലും ആളുകൾ കയറുന്നതു കണ്ടു. ചെറിയ കടകളും ചെറിയ സ്ഥാപനങ്ങളും മാത്രം നോക്കി കയറുന്നവർ ഇപ്പോഴും ചിലരെങ്കിലുമുണ്ട്. ചെറിയ ടീഷോപ്പിൽ കയറി ഭക്ഷണം കഴിക്കുകയും ബ്രാന്റഡ് ഷർട്ടും ചുരിദാറുമൊക്കെ വാങ്ങുന്നതിനു പകരം ഒരു ചെറിയ തുണിഷോപ്പിൽ നിന്നും തുണിവാങ്ങി അടുത്തുള്ള തയ്യൽക്കടയിൽ കൊടുത്ത് തയ്പ്പിച്ചാൽ, തീരെ തിരക്കുകുറഞ്ഞ പലചരക്കു കടയിൽ നിന്നും ഇടയ്ക്കെങ്കിലും സാധനങ്ങൾ വാങ്ങിയാൽ.. അതൊക്കെ ശക്തമായ ഒരു സാമൂഹിക ഇടപെടൽ കൂടിയാവും. വാങ്ങലിനെ ഒരു ആഘോഷമാക്കാതെ ക്രിയാത്മകമായ ഒരു ഇടപെടലാക്കിമാറ്റാം. കണ്ണും പൂട്ടി വാങ്ങുകയല്ല; ശ്രദ്ധയോടെ വാങ്ങുകയാണ് ചെയ്യേണ്ടത്. വാങ്ങലും ഒരു രാഷ്ട്രീയപ്രവർത്തനമാക്കുക.

# ചെറുവയൽ രാമൻ അഥവാ
# വിത്തിന്റെ കാവലാൾ

അബ്ദുള്ളക്കുട്ടി എടവണ്ണ



*ചെറുവയൽ രാമൻ*

**തലമുറകളായി കൃഷിചെയ്തുവന്ന ആയിരത്തിൽപരം പാരമ്പര്യവിത്തുകൾ അവിടവിടെയായി കൃഷി ചെയ്യുന്നതായി രാമൻ കേട്ടിരുന്നു. ഒരു ഉൾവിളി പോലെ രാമൻ ഈ വിത്തുകൾക്കായി അന്വേഷണം തുടങ്ങി. ത്യാഗമനസ്സോടെ വർഷങ്ങളുടെ അധ്വാനത്തിലൂടെ രാമൻ കണ്ടെടുത്തത് 35 ഇനം നെൽവിത്തുകൾ. ഈ മുപ്പത്തഞ്ച് വിത്തും ഒരനുഷ്ഠാനം പോലെ രാമൻ എല്ലാ വർഷവും വിളവിറക്കുന്നു. ഭാവിതലമുറയ്ക്കായി ഒരു മനുഷ്യൻ തിരിച്ചറിവോടെ ചെയ്യുന്ന മഹത്തായൊരു വിപ്ലവത്തെക്കുറിച്ച്....**

ഞങ്ങളിപ്പോൾ ഇരിക്കുന്നത് ചെറുവയൽ രാമന്റെ മുമ്പിൽ. അറുപതു വയസ്സ് പിന്നിട്ട വയനാട്ടിലെ കുറിച്യ സമുദായത്തിൽപ്പെട്ട അഞ്ചാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള ഈ മനുഷ്യൻ, അസാധാരണ കാര്യങ്ങൾ ചെയ്യുന്ന സാധാരണക്കാരനാണ്. വൈയ്ക്കോൽ മേഞ്ഞ, കരിയും കുളിർമാവ് പേസ്റ്റും ചേർന്ന മിശ്രിതം കൊണ്ട് തറ മെഴുകിയ പരമ്പരാഗത കുറിച്യഭവനത്തിന്റെ കോലായിലിരുന്ന് സംസാരിക്കുമ്പോൾ ഒരു മനുഷ്യന്റെ മഹത്വത്തിന്റെ ആഴം തൊട്ടറിയാനാകുന്നു. വയനാട് പനമരത്തിനടുത്ത കൊയിലേരിയിൽനിന്ന് കബനി പുഴ കടന്ന് പുഴയോടൊപ്പം രണ്ടു കിലോമീറ്റർ ചെന്നാൽ കമ്മനയിലെ നീണ്ടുപരന്നുകിടക്കുന്ന വയൽക്കരയിലെ മരങ്ങൾ നിറഞ്ഞുനിൽക്കുന്ന തൊടിയിലുള്ള ചെറുവയൽ രാമന്റെ വീടായി. ഈ ആദിവാസിക്കുടിൽ ഏതു കാർഷിക സർവകലാശാലയേക്കാളും വിത്തുഗവേഷണകേന്ദ്രത്തേക്കാളും എത്രയോ വലിയ ജൈവസമ്പന്നതയുടെ അതുല്യമായ സൂക്ഷിപ്പുകേന്ദ്രമാകുന്നു. അതെ! ഈ വൈയ്ക്കോൽ കുടിലിൽ 35 ഇനം പാരമ്പര്യ നെൽവിത്തുകളാണ് ഭാവിയിലേക്കായി കരുതിവെച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ വിത്തുവിതരണക്കാരും ജനിതക എഞ്ചിനിയറിംഗ് വിത്തുകളുടെ ഉത്പാദകരുമായ അമേരിക്കൻ കുത്തകകളായ മൊൺസാന്റോ പോലെയുള്ള വൻകിടക്കാർസ്വന്തമാക്കാൻ കൊതിക്കുന്ന അപൂർവമായ പൈതൃകവിത്തുകൾ!

നമ്മുടെ നാട്ടിലെ ആയിരക്കണക്കിന് വൈവിധ്യമുള്ള നെൽവിത്തുകളിൽ അതിവിശിഷ്ടമായ പാരമ്പര്യവിത്തുകളുണ്ടായിരുന്നു. ഏതു കാലാവസ്ഥാ പ്രതിസന്ധികളെയും രോഗബാധയെയും ചെറുക്കാൻ കരുത്തുള്ള വിത്തിനങ്ങൾ! പുത്തൻ വികസന മോഹങ്ങളുടെ ഭാഗമായി കടന്നുവന്ന 'ഹരിതവിപ്ലവം' പ്രചരിപ്പിച്ച ആധുനിക രാസകൃഷിയും ഹൈബ്രീഡ്വിത്തുകളും നമ്മുടെ തനതായ കൃഷിരീതികളെയും വിത്തുകളെയും ആട്ടിപ്പായിച്ചു. വിത്തുകൾ രണ്ടുവർഷത്തിനപ്പുറം സൂക്ഷിക്കാൻ കഴിയില്ല. കൃഷിചെയ്ത് വിത്തറ്റുപോകാതെ വേണം സൂക്ഷിക്കാൻ. അത്യുത്പാദന വിത്തുകൾ കൃഷിചെയ്യാൻ സർക്കാർ മിഷനറികൾ ഒന്നടങ്കം കൃഷിക്കാരെ പ്രേരിപ്പിച്ചതോടെ നമ്മുടെ പാരമ്പര്യ വിത്തുകൾ ഒന്നൊന്നായി കൈമോശം വന്നു. ആധുനിക കൃഷിക്ക് രോഗബാധയും ചെലവുകളും കൂടുതലായിരുന്നു. മാർക്കറ്റിലെ വിത്തും വളവും കീടനാശിനികളെയും ആശ്രയിച്ചു കൃഷിയിറക്കിയ കർഷകർ മണ്ണ് നശിച്ച് കൃഷിച്ചെലവ് വർധിച്ച് കടക്കെണിയിലുമായി. നാട് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ അപകടാവസ്ഥയിലുമായി.

അഞ്ചാം വയസ്സിൽ വയലിലിറങ്ങിത്തുടങ്ങിയ രാമൻ പുതിയ വഴികളിലൂടെയൊന്നും പോയില്ല. കുടുംബത്തിലെ ഏഴാമത്തെ കാരണവർ 22 വർഷം മുമ്പ് മരിക്കുമ്പോൾ പൈതൃകമായി തന്നേല്പിച്ച നാല് വിത്തുകളുമായി അയാൾ നെൽകൃഷിയിൽ സജീവമായി. തലമുറകളായി കൃഷിചെയ്തുവന്ന ആയിരത്തിൽപരം പാരമ്പര്യവിത്തുകൾ അവിടവിടെയായി കൃഷി ചെയ്യുന്ന


തായി രാമൻ കേട്ടിരുന്നു. ഒരു ഉൾവിളി പോലെ രാമൻ ഈ വിത്തുകൾക്കായി അന്വേഷണം തുടങ്ങി. ത്യാഗമനസ്സോടെ വർഷങ്ങളുടെ അധ്വാനത്തിലൂടെ രാമൻ കണ്ടെടുത്തത് 35 ഇനം നെൽവിത്തുകൾ. ഈ മുപ്പത്തഞ്ച് വിത്തും ഒരനുഷ്ഠാനം പോലെ രാമൻ എല്ലാ വർഷവും വിളവിറക്കുന്നു. ഭാവിതലമുറയ്ക്കായി ഒരു മനുഷ്യൻ തിരിച്ചറിവോടെ ചെയ്യുന്ന മഹത്തായൊരു വിപ്ലവം!

പതിനെട്ടാം വയസ്സിൽ കിട്ടിയ സർക്കാർ ജോലി ഉപേക്ഷിച്ചാണ് രാമൻ മണ്ണിലേക്കിറങ്ങിയത്. അമൂല്യമായ ഈ വിത്തുബാങ്ക് നിലനിർത്താൻ രാമന് അഞ്ചര ഏക്കർ വയലാണുള്ളത്. അതിൽ മൂന്നര ഏക്കറിൽ സ്വന്തം വീട്ടാവശ്യത്തിന് 'തൊണ്ടി' എന്ന വിത്ത് വിളവിറക്കും. ബാക്കി ഒന്നര ഏക്കർ ഭൂമിയെ 34 കള്ളികളാക്കി തിരിച്ച് അവിടെ ബാക്കി വിത്തുകൾ വിത്തുത്പാദനത്തിനു മാത്രമായി കൃഷിചെയ്യുന്നു. ഒരു പുണ്യകർമം പോലെ അയാളിത് സൂക്ഷ്മതയോടെ ചെയ്യുന്നു. ഓരോ കള്ളികളിലും വിത്തനിങ്ങൾ തിരിച്ചറിയാൻ നമ്പർ എഴുതിയ കമ്പുകൾ നാട്ടും. (CR1, CR2, CR3.... എന്നിങ്ങനെ) CR എന്നാൽ ചെറുവയൽ രാമൻ തന്നെ. ഓരോ നമ്പറിലും ഏതു വിത്തെന്ന് പട്ടിക സൂക്ഷിച്ചിട്ടുണ്ട്.

കൊയ്തെടുത്തു കഴിഞ്ഞാൽ പ്രത്യേകം നമ്പറിട്ട് കലർന്നുപോകാതെ കറ്റകൾ വെയ്ക്കണം. മെതിച്ചു പാറ്റി നെല്ലാക്കി മുളംകൂട്ടകളിൽ സൂക്ഷിച്ചുവെക്കും. ജാഗ്രതയോടെയും സൂക്ഷ്മതയോടെയും ഈ വിശുദ്ധകർമം എല്ലാം വർഷവും ചെയ്തുകൊണ്ടേയിരിക്കുന്നു ഈ മനുഷ്യൻ. ആരുവന്നു ചോദിച്ചാലും രാമൻ വിത്തു നല്കും. പണം വാങ്ങില്ല. പകരം കൃഷിചെയ്തു വിത്തു തിരിച്ചുതരണമെന്നു മാത്രം പറയും. ചിലർ തിരിച്ചുകൊണ്ടുവരും. പണം രാമന്റെ ജീവിതത്തിൽ അത്ര പ്രധാനമല്ല. കൂലികൊടുത്ത് പണി ചെയ്യിക്കാറില്ല. സർക്കാർ സഹായങ്ങളൊന്നും പറ്റാറില്ല. ഭാര്യയും നാലു മക്കളും കൂട്ടിനുണ്ടാകും. രാസവളമോ കീടനാശിനിയോ തൊട്ടുതീണ്ടാറില്ല. ഭക്ഷണാവശ്യങ്ങൾക്കുള്ളതെല്ലാം സ്വയം ഉത്പാദിപ്പിക്കുന്നു. വൈയ്ക്കോൽ കന്നുകൾക്കുള്ളതും വീട് മേയാനുള്ളതും കഴിച്ച് ബാക്കിയുണ്ടെങ്കിൽ മാത്രം വില്ക്കും. ഈ വിധം ജീവിച്ചു തകർന്നുപോയാലും ദുഃഖമില്ല. പട്ടിണിയായാൽ താളും തകരയും മണ്ണിലുണ്ടാകും. അതു മതി, വിശപ്പു മാറാൻ! രാമന്റെ ഉറച്ചവാക്കുകൾ! കിഴക്കോട്ടൊഴുകുന്ന കബനിയിൽനിന്ന് മോട്ടോർവെച്ച് വെള്ളം തിരിച്ചുകൊണ്ടുവരാനൊന്നും രാമൻ മെനക്കെട്ടിട്ടില്ല. വയൽക്കരയിലെ നീർച്ചാലുകളും കുളങ്ങളും സംരക്ഷിച്ചിട്ടുണ്ട്. പിന്നെ, മഴയെ ആശ്രയിക്കും. അതുകൊണ്ട് ഒറ്റവിളയേ കൃഷി നടക്കൂ.

കൃഷിക്കുണ്ടാകുന്ന കീടബാധയോ രോഗങ്ങളോ ഒന്നും രാമൻ ഭയക്കുന്നേയില്ല. പ്രകൃതി പാകിയ വിത്തുകളും ജീവികളുമാണ്. അവയെ സംരക്ഷിക്കാൻ പ്രകൃതിക്കറിയും. വിത്തുകൾക്ക് ജീവനുണ്ട്. അവ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. ഇല്ലെങ്കിൽ അവ ചത്തുപോകുമെന്ന് രാമന് മുന്നറിയിപ്പുതരുന്നു. വിത്തിന്റെ വിശുദ്ധിയറിഞ്ഞതുകൊണ്ടാണ് ഈ മനുഷ്യൻ വന്നുകേറിയപ്പോൾ ഞങ്ങൾക്ക് മുന്നറിയിപ്പു തന്നത്. "നിങ്ങളുടെ ചെരിപ്പ് മുറ്റത്തിനു പുറത്ത് അഴിച്ചുവെച്ചു വരൂ..." ക്ഷമാപണത്തോടെ ചെരുപ്പഴിച്ച് വെച്ച് മെഴുകിയ മുറ്റത്തേക്ക് എത്തുമ്പോൾ ശ്രദ്ധിച്ചു. ഇദ്ദേഹം ചെരിപ്പ് ധരിക്കുന്നില്ല. ചെരിപ്പെന്നല്ല, പരമാവധി കൃത്രിമത്വങ്ങൾ വെടിഞ്ഞ് പ്രകൃതിയോടൊപ്പമാണ് രാമൻ.

രാമന്റെ വിത്ത് ബാങ്ക് കാണാനും കാര്യങ്ങൾ മനസ്സിലാക്കാനും വിത്ത് സമ്പാദിക്കാനും ധാരാളം പേർ വരുന്നുണ്ട്. തന്റെ വിത്തിൽനിന്ന് 35 സാമ്പിളും പാക്കചെയ്ത്ത പ്രദർശിപ്പിച്ചും പഠനറിപ്പോർട്ടുകൾ എഴുതിയും പേര് സമ്പാദിച്ചവരുണ്ട്. അതിലൊന്നും രാമന്



*ചെറുവയൽ രാമന്റെ വീട്*

പരാതിയില്ല. ചിലർ ക്ലാസ്സെടുക്കാനും രാമനെ കൊണ്ടുപോകും. ആരു വിളിച്ചാലും രാമൻ പോകും. ചിലർക്ക് മൊബൈൽ ഫോണിലൂടെ സംശയങ്ങൾ നിവർത്തിച്ചുകൊടുക്കും. ഡോ. ടി എം തോമസ് ഐസക് എം എൽ എയുടെ നേതൃത്വത്തിലുള്ള നിയമസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മറ്റി ഈയടുത്ത് രാമന്റെ കൃഷിയിടം സന്ദർശിച്ചിരുന്നു. ജൈവ വൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഹൈദരാബാദിൽ നടന്ന സമ്മേളനത്തിൽ 193 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളോടൊപ്പം ഇന്ത്യയെ പ്രതിനിധീകരിച്ച് രാമൻ പങ്കെടുത്തിരുന്നു. ഏതാനും പുരസ്കാരങ്ങളും ലഭിച്ചു. വിശ്രമമില്ലാതെ അധ്വാനിക്കുന്ന രാമൻ വൈയ്ക്കോൽ കുടിലിന്റെ മേൽക്കൂര നോക്കി പറയുന്നു, "വീടൊന്നു കെട്ടിമേയണം!" ഇന്ന് എല്ലാ കുറിച്യ ഭവനങ്ങളുടെയും മുഖച്ഛായ മാറി. എന്നാൽ രാമൻ ഈ പഴയ വീട് മാറ്റാൻ ഇഷ്ടപ്പെടുന്നില്ല. വേനൽക്കാലത്ത് കുളിർമയും മഴക്കാലത്ത് ചൂടും വീട്ടിനകത്ത് നിലനിർത്തുന്നത് വൈയ്ക്കോൽ മേൽക്കൂരയുടെ മാത്രം പ്രത്യേകതയാണ്. ഈ സുഖവും ലാളിത്യവും വെടിയാൻ തനിക്ക് തോന്നുന്നില്ല.

ഇപ്പോൾ 35 വിത്തുകൾ ഉണ്ട്. എങ്കിലും താൻ ഏറെ ആഗ്രഹിക്കുന്നു മൂന്നു വിത്തുകൾ കൂടി ഉണ്ട്. ചെമ്പത്തി, ആനക്കൊമ്പ്, വെളുമ്പാല. ഈ വിത്തുകൾ കൂടി തന്റെ ശേഖരത്തിലേക്ക് വന്നുചേരണം. അതിനുള്ള അന്വേഷണത്തിലാണ്. പിന്നെ, ഈ വിത്തുകൾ നാടെങ്ങും പരക്കണം. എല്ലാവരും അവരവരുടെ പ്രദേശത്ത് കൃഷിചെയ്ത് പരീക്ഷിച്ചറിയണം. അനുയോജ്യമായവ നിലനിർത്തിക്കൊണ്ടുപോകണം. ചെറുവയൽ രാമൻ തന്റെ സ്വപ്നങ്ങൾ പങ്കുവെക്കുകയാണ്.

*ചെറുവയൽ രാമന്റെവിലാസം-കമ്മന പി ഒ,*
*കൊയിലേരി,മാനന്തവാടി വഴി,വയനാട് ജില്ല - 670 645*
*ഫോൺ: 8281 556 350*

**സി.ആർ. വിത്തുകൾ അഥവാ,**
**ചെറുവയൽ രാമന്റെ വിത്തുബാങ്ക്**

ചെന്നെല്ല്,കണ്ണി ചെന്നെല്ല്,വെളിയൻ,ചേറ്റ് വെളിയൻ,മരത്തൊണ്ടി,ചെന്നൽതൊണ്ടി,ചെമ്പകം,ചെന്താടി,മുണ്ടകൻ,ചോമാല,പാൽവെളിയൻ,കയമ,ഉരുണികയമ,അടുക്കൻ,കോതാണ്ടൻ,വെളുമ്പാല,കരിമ്പാലൻ,വെള്ളിമുത്ത്,കുറുമ്പാടി,ഗന്ധകശാല,ജീരകശാല,കുറുവ,കറുത്തൻ,തവളക്കണ്ണൻ,കൊടുവെളിയൻ,ഓണമൊട്ടൻ,ഓണച്ചണ്ണ,പാൽതൊണ്ടി(മട്ട),പാൽതൊണ്ടി(വെള്ള),പുന്നാടൻതൊണ്ടി,തൊണ്ണൂറാം തൊണ്ടി,തൊണ്ണൂറാം പുഞ്ച,ഓക്കൻ പുഞ്ച,കല്ലിടിയാരൻ,ഞവര.

# ലോക സർക്കാരും ലോക പൗരത്വവും,

## ഗ്യാരിഡേവിസിന്റെ അന്വേഷണങ്ങൾ..



ഗ്യാരി ഡേവിസ്

**ഭൂമിശാസ്ത്രപരമായ അതിരുക്കൾക്കനുസരിച്ച് മനുഷ്യനെ വിഭജിക്കുന്ന രാഷ്ട്ര സങ്കൽപ്പത്തിനെതിരെ ലോക രാഷ്ട്രം എന്ന ആശയം, ഡേവിസ് വേൾഡ് ഗവർമെന്റ് ഓഫ് വേൾഡ് സിറ്റിസൻസ് എന്ന പ്രസ്ഥാനത്തെക്കുറിച്ച്..**

ലോക പൗരൻ, വിശ്വ മാനവികൻ എന്നൊക്കെ ചിലരെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ഒരു രാജ്യത്തും പൗരത്വമെടുക്കാതെ കഴിഞ്ഞ അര നൂറ്റാണ്ടു കാലമായി ലോകം മുഴുവൻ ഓടി നടക്കുകയാണ് സാക്ഷാൽ ലോക പൗരനായ ഗ്യാരി ഡേവിസ്.അമേരിക്കൻ സേനയിലെ ബി പതിനേഴ് ബോംബർ വിമാനത്തിലെ പൈലറ്റായിരുന്ന ഡേവിസ് യുദ്ധത്തിൽ മനം മടുത്ത് അമേരിക്കൻ പൗരത്വം 1948 ൽ സ്വയം ഉപേക്ഷിക്കുകയായിരുന്നു. ഭൂമിശാസ്ത്രപരമായ അതിരുക്കൾക്കനുസരിച്ച് മനുഷ്യനെ വിഭജിക്കുന്ന രാഷ്ട്ര സങ്കൽപ്പത്തിനെതിരെ ലോക രാഷ്ട്രം എന്ന ആശയം, ഡേവിസ് വേൾഡ് ഗവർമെന്റ് ഓഫ് വേൾഡ് സിറ്റിസൻസ് എന്ന പ്രസ്ഥാനത്തിലൂടെ സാക്ഷാൽക്കരിച്ചു.ഒരുലോകം ഒരു സർക്കാർ എന്ന ആശയ പ്രചരണവുമായി നിരവധി രാജ്യങ്ങളിലൂടെ സഞ്ചരിക്കുന്നതിനിടെ പാസ്പോർട്ടും മറ്റും ഇല്ലാത്ത കാരണത്തിൽ പലതവണ പല രാജ്യങ്ങളിൽ ജയിൽ വാസം അനുഭവിച്ചു. യാത്രാ രേഖ ആവശ്യപ്പെടുന്നവർക്ക് വേൾഡ് ഗവർമെന്റിന്റെ പാസ്പോർട്ടാണ് കാണിക്കുന്നത്.1948 ൽ തന്നെ അന്തർദേശീയ ലോക പൗരൻമാരുടെ രജിസ്റ്റർ സ്ഥാപിച്ചു. ഏഴര ലക്ഷം പേരാണ് അതിൽ രജിസ്റ്റർ ചെയ്തത്. 1953 ൽ വേൾഡ് ഗവർമെന്റ് ഓഫ് വേൾഡ് സിറ്റിസൻസ് പ്രഖ്യാപിച്ചു. അതിന്റെ ഭരണ നിർവഹണ വിഭാഗമായി സ്ഥാപിച്ച വേൾഡ് സർവീസ് അതോറിറ്റി പാസ്പോർട്ട്, ജനന മരണ സർട്ടിഫിക്കറ്റുകൾ ഒക്കെ നൽകുന്നു.

പ്രത്യേകിച്ച് ഒരു രാജ്യത്തിന്റേതുമല്ലാത്ത 'വേൾഡ് ഗവൺമെന്റിന്റെ' പാസ്പോർട്ടുമായി ഗ്യാരി ഡേവിസിന്റെ കന്നിയാത്ര ഇന്ത്യയിലേക്കു തന്നെയായിരുന്നു. ഇന്ത്യയായിരുന്നു അദ്ദേഹത്തിന്റെ സ്വാധീനശക്തി. ഇന്ത്യയിലെ രണ്ട് മഹാത്മാക്കൾ-ശ്രീനാരായണ ഗുരുവും നടരാജഗുരുവും. നടരാജഗുരുവിന്റെ വിശ്വപൗര ദർശനത്തിന്റെ പ്രചോദനമാണ് ഗ്യാരി ഡേവിസിന്റെ 'ലോകസർക്കാർ' എന്ന ആലോചനയ്ക്ക് പിന്നിൽ. നടരാജഗുരുവിന്റെ 'മെമ്മോറാണ്ടം ഓഫ് വേൾഡ് ഗവർമെന്റ്' എന്ന പ്രബന്ധം ഗ്യാരി ഡേവിസിനെ അടിമുടി മാറ്റിമറിച്ചു.

ഇതിനകം 180 രാജ്യങ്ങളാണ് അദ്ദേഹം പാസ്പോർട്ട് ഇല്ലാതെ സഞ്ചരിച്ചത്. 1988-ലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡേവിസിന്റെ വേൾഡ് സിറ്റിസൺ പാർട്ടി മത്സരിച്ചു. കൂടെക്കൂടെയുള്ള ഇന്ത്യൻ സന്ദർശനങ്ങൾ അദ്ദേഹത്തിന്റെ നിലപാടുകൾക്ക് കൂടുതൽ വ്യക്തത പകർന്നു.

### ലോകപൗരത്വം എടുക്കാം, പാസ്പോർട്ടും കിട്ടും

ഒരിക്കൽ ഗ്യാരി ഡേവിസ് വിമാനത്തിൽ യാത്രചെയ്യവേ യാത്രാരേഖകൾ പരിശോധിച്ചപ്പോൾ അദ്ദേഹം തന്റെ ലോകപാസ്പോർട്ടാണ് കാണിച്ചത്. വിമാന ഉദ്യോഗസ്ഥർ അദ്ദേഹത്തിന് ഫൈൻ ചുമത്തി. ഡേവിസ് വിടാൻ ഭാവമില്ലായിരുന്നു. ലോകസർക്കാരിന്റെ കറൻസി കാട്ടി അധികാരികളെ അദ്ദേഹം ഞെട്ടിച്ചു. 85 കാരനായ ഗ്യാരി ഡേവിസ് ഇന്നും ഊർജ്ജസ്വലനായി ലോകം മുഴുവൻ സഞ്ചരിച്ച് പ്രഭാഷണങ്ങൾ നടത്തുകയും തന്റെ വിശ്വപൗരദർശനം പ്രചരിപ്പിക്കുകയും ചെയ്യുന്നു. തന്റെ സവിശേഷമായ പൗരത്വത്തിന്റെ പേരിൽ നിരവധി തവണ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. പല രാജ്യങ്ങളും അദ്ദേഹത്തെയും അദ്ദേഹം മുന്നോട്ടുവെച്ച ലോകപൗരത്വം എന്ന ആശയത്തേയും അംഗീകരിക്കാൻ തയ്യാറായിട്ടുണ്ട്.

ഇത്രയും വായിച്ചുകഴിഞ്ഞപ്പോൾ നിങ്ങൾക്കും തോന്നിയോ ഒരു ലോകപൗരത്വവും ലോകപാസ്പോർട്ടും എടുക്കാൻ? വഴിയുണ്ട്. അദ്ദേഹത്തിന്റെ വെബ്സൈറ്റ് സന്ദർശിച്ചാൽ മതി. 45 ഡോളർ മുടക്കിയാൽ ലോകപാസ്പോർട്ട് റെഡി. വെറുതെ പണം കൊടുത്ത് വാങ്ങുന്ന വെറും കടലാസ് രേഖ മാത്രമെന്ന് കരുതിയാൽ തെറ്റി. ഐക്യരാഷ്ട്ര സംഘടനയ്ക്കു പോലും ഈ ലോകപൗരത്വം എന്ന ആശയത്തെ നിഷേധിക്കാനാവില്ല. കാരണം ഐക്യരാഷ്ട്രസഭയുടെ 56-ാം ആർട്ടിക്കിൾ പ്രകാരം അംഗരാജ്യങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം വിഭാവനം ചെയ്യുന്നു. ലോക സർക്കാരുകളുടെ ഐക്യം എന്ന യു.എന്നിന്റെ അടിസ്ഥാന ആശയം തന്നെയാണ് ലോകരാഷ്ട്ര സങ്കൽപത്തിന്റെയും അടിസ്ഥാനം.

ലോകത്ത് രാജ്യം ഇല്ലാത്തവർ, അഭയാർത്ഥികൾ, പലായനം ചെയ്യപ്പെടുന്നവർ ധാരാളമുണ്ട്. അവർക്കും പ്രയോജനപ്രദമാണ് 'ലോകപൗരത്വം'. ലോകപൗരത്വം ഒരു ഉട്ടോപ്യൻ ചിന്തയായി കരുതുന്നവരുണ്ടാകാം. ഇതിന്റെ ആധികാരികതയിൽ സംശയിക്കുന്നവരുണ്ടാകാം. പക്ഷേ എല്ലാത്തിനുമുപരി ഇത് മുന്നോട്ടുവെക്കുന്ന രാജ്യാർത്ഥികളെ അതിവർത്തിക്കുന്ന വിശ്വമാനവികൻ എന്ന ആശയത്തെ ആർക്ക് നിഷേധിക്കാനാവും. കേവലം ഒരു സന്നദ്ധ സംഘടനയുടെ ഘടനയോടെ പ്രവർത്തിക്കുന്ന ഡേവിസിന്റെ പ്രസ്ഥാനം 'കേവലരാജ്യ താൽപര്യ'ങ്ങളെ ഏകലോകം ഏകമാനവികത എന്ന ബദൽ മുന്നോട്ടുവെക്കുമ്പോൾ ആർക്ക് നിഷേധിക്കാനാവും?

ഭൂമിശാസ്ത്രപരമായി പ്രത്യേകം പ്രത്യേകം വേർതിരിക്കപ്പെട്ട മനുഷ്യർ പരസ്പരം യുദ്ധം ചെയ്ത് ലോകത്ത് അസമാധാനം വരുത്തുമ്പോൾ രാജ്യാതിർത്തികളെ ഭേദിക്കുന്ന ഒരു ലോകസർക്കാർ പൗരത്വം എന്ന ആശയത്തിന് പ്രസക്തിയുണ്ട്. ഗ്യാരി ഡേവിസിന്റെ അന്വേഷണം പൂർണ്ണവിജയമായി എന്ന് വരില്ല. പക്ഷേ ഇത്തരം ചില ബദൽ അന്വേഷണങ്ങൾ മുന്നോട്ടു വെക്കുന്ന ആശയങ്ങളിൽ നിന്ന് ലോകത്തിന് ചിലത് പഠിക്കാനുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്: www.worldservice.org

# ഇതിനൊക്കെ എങ്ങ നെയാണ് വിലയിടുക?

ഡോ: ദെബൽ ദേബ്

മുഖ്യധാര സാമ്പത്തിക വിദഗ്ദ്ധരാണ് തെറ്റായ വികസനത്തിന്റെ സൂത്രധാരൻമാർ. വിലയുള്ളതിനേ അവർ മൂല്യം കൽപ്പിക്കുന്നുള്ളൂ. വിലയും മൂല്യവും പൂർണ്ണമായും വ്യത്യസ്തമായ വസ്തുക്കളാണ്.

ഒരു അമ്മയ്ക്ക് മകൻ വലുതാണ്. അവന് വേണ്ടി അമ്മ ജീവത്യാഗം ചെയ്യും. പക്ഷേ ആ കുട്ടിയുടെ മാർക്കറ്റ് വില എന്താണ്? എന്ത് വില കൊടുത്താൽ ആ കുട്ടിയെ നഷ്ടപ്പെടാൻ അമ്മ തയ്യാറാകും? ആ കുട്ടിയുടെ മൂല്യം നിർണ്ണയിക്കാനാകില്ല. കുഞ്ഞിനെ പോറ്റി വളർത്തുമ്പോൾ അതിന് ചിലവായ തുക അവൻ വളർന്നു വലുതാകുമ്പോൾ തിരിച്ചുതരുമെന്ന് ഒരു അമ്മയും കരുതുന്നില്ല.

സമീപഭാവിയിലോ പിൽക്കാലത്തോ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികലാഭം കിട്ടുമെന്ന് പ്രതീക്ഷിക്കാതെ നാം ചെയ്യുന്ന ചില സംഗതികളുണ്ട്. പ്രകൃത്യാ ചെയ്യുന്ന കാര്യങ്ങൾ. നാം സംഗീതം കേൾക്കുന്നത് സാമ്പത്തിക ലാഭം പ്രതീക്ഷിച്ചല്ല. സംഗീതം ആസ്വദിക്കുകയാണ്. മരത്തണലിൽ നമ്മൾ ഇരിക്കുന്നതും അങ്ങനെതന്നെ. തണലിലെ ഇരുത്തം നാം ആസ്വദിക്കുന്നു. അതിന് വിലയിടാനാകില്ല. പരമ്പരാഗത സംസ്കാരങ്ങളുടെ മൂല്യങ്ങൾ നശിച്ചുപോയത് മാർക്കറ്റ് ഇക്കണോമിയുടെ കടന്നുവരവിനോടുകൂടിയാണ്. വിവിധ സംസ്കാരങ്ങളിൽ പുണ്യവൃക്ഷമായി കരുതപ്പെടുന്ന ആൽമരം മനുഷ്യന് നേരിട്ട് എന്തെങ്കിലും പ്രയോജനമുള്ളതല്ല. മനുഷ്യനോ സമ്പദ്‌വ്യവസ്ഥയ്ക്കോ പ്രത്യക്ഷ പ്രയോജനമില്ല. പക്ഷേ ആൽമരമില്ലെങ്കിൽ നിരവധി ജന്തു സസ്യജാലങ്ങൾക്ക് നിലനിൽപ്പില്ലെന്ന് ജനത്തിന് അറിയാം. ആൽമരത്തെ ആശ്രയിച്ച് ആയിരക്കണക്കിന് സ്പീഷീസ് സസ്യജന്തുജാലങ്ങൾ ജീവിക്കുന്നുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഒരൊറ്റ മരത്തിന്റെ കാര്യമാണിത്. അതുകൊണ്ട് ആൽമരം ഒരു കീസ്റ്റോൺ സ്പീഷീസ് ആണ്. കീസ്റ്റോൺ എന്നത് ഒരു എഞ്ചിനീയറിംഗ് പ്രയോഗമാണ്. കമാനങ്ങളുടെ മധ്യത്തിൽ സ്ഥാപിക്കുന്ന കല്ല്. അത് നീക്കം ചെയ്താൽ കമാനം പൂർണ്ണമായും നിലംപൊത്തും. അതുപോലെയാണ് കീസ്റ്റോൺ സ്പീഷീസിന്റെ കാര്യം. അത് ഇല്ലാതായാൽ പരിസ്ഥിതിയുടെ താളം തെറ്റും.

*(മാതൃഭൂമി ആഴ്ചപ്പതിപ്പ് 2012 ജൂൺ 10 ലക്കത്തിൽ പ്രസിദ്ധീകരിച്ച ഡോ: ദെബൽ ദേബുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്)*

**ഡോ: ദെബൽ ദേബ്**

ഇന്ത്യയിലെ ഏറ്റവും വലിയ നാടൻ വിത്തുവിതരണ കേന്ദ്രമായ വ്രീഹിയുടെ സ്ഥാപകൻ. 700 ലേറെ നാടൻ നെൽവിത്തുകളാണ് ഇദ്ദേഹം സംരക്ഷിച്ചിട്ടുള്ളത്. ജനിതക വിത്തുകളുടെ ഉല്പാദകരും കുത്തകകളുമായ മോൺസാന്റോയുടെ കുതന്ത്രങ്ങളെ തുറന്നുകാട്ടുന്ന ഗ്രന്ഥരചന നടത്തി. മോൺസാന്റോക്ക് എതിരെ നടത്തിയ പ്രചാരണത്തെ തുടർന്ന് വധഭീഷണി നേരിടേണ്ടിവന്നു.

# മൂന്ന് കവിതകൾ

എം.പി. പ്രതീഷ്

## പക്ഷിസങ്കേതം

അഴുക്കുതിന്നുന്നു.
അനാവശ്യങ്ങൾ തിന്നുന്നു.
അരുതു തിന്നുന്നു.
ആരുമതിന്റെ
വാഴ്‌വ്
അതിൽനിന്നെടുത്തുകളയുന്നില്ല.
ചവറ്റുകൊട്ടയിൽ
ജീവിക്കുന്നു
ഒരു പക്ഷി.

## വാസ്തു

ജനാലക്കമ്പിയിൽ
സൂചിമുഖി
കൊത്തുന്നു.
കൊത്തിക്കൊത്തി
അതൊരു മരച്ചില്ലയാക്കുന്നു.
അതിന്മേൽ
ഇലപൊട്ടി
പുഴുക്കൾക്ക് വീടുണ്ടാക്കുന്നു.

## ചുരുൾ

ഞാറച്ചെടിയില
ഒരു പ്യൂപ്പയുടെ
പാർക്കുന്നിടം.
വേണമെങ്കിൽ
മരത്തിന് അതിൻ
വയലറ്റു വീഴ്ത്തി
മായ്ക്കുവാൻ മാത്രം
കഴിയുന്നു,
പ്യൂപ്പയുടെ
ചുരുണ്ടുപൊതിഞ്ഞ
ഏകാന്തത



## മതിൽക്കെട്ടുകൾ

റെന്യ ദാസ്

താമസിച്ചു കൊണ്ടിരിക്കുന്ന ഹോസ്റ്റലിലെ മതിൽ പൊളിച്ചുകളഞ്ഞു. കൂടുതൽ ദൃഢമായ പുതിയത് കെട്ടിയുണ്ടാക്കാനാകാം. എങ്കിലും മതിലിന്റെ അഭാവം കാഴ്ചയുടെ സ്വാതന്ത്ര്യത്തെ കൂടുതൽ ആഹ്ലാദിപ്പിക്കുന്നു. സ്വാർത്ഥതയെയാണ് മതിൽക്കെട്ടുകൾ പ്രതിനിധാനം ചെയ്യുന്നത്. ഒന്നിൽ നിന്ന് മറ്റെല്ലാത്തിനെയും അത് വേർതിരിക്കുന്നു. ആ ഒന്നിനു മാത്രം പ്രാധാന്യം നൽകുന്നു.

ഓരോ മനുഷ്യനും നൂറുകണക്കിന് മതിൽക്കെട്ടുകൾ ഉള്ളിൽ പണിയുന്നു. ഞാൻ എന്ന ബോധത്തിന്റെ കരിങ്കൽ ഭിത്തിയിൽ കൈപിടിച്ചുനിന്ന് അവൻ ലോകം കാണുന്നു. മറ്റുള്ളവരെ അറിയുന്നു. വിശാലതയെ സ്നേഹിക്കാൻ മറന്നുപോവുകയാണ് ഏവരും. പൊളിഞ്ഞ മതിലിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നപ്പോൾ മനസ്സ് ശാന്തമായി.

കാറ്റിപ്പോൾ സുഗമമായി ഒഴുകുന്നു. നിലാവിനെ തടയാൻ ആരും തന്നെ ഇപ്പോൾ അവിടെ ഇല്ല. നടപ്പാതയും മുറ്റവും വീണ്ടും കൈകോർത്തു. മുറ്റത്തിന്റെ അങ്ങേതലയ്ക്കൽ ഒഴിഞ്ഞ കിളിക്കൂട്. രണ്ടുമാസം മുമ്പ് മൂന്ന് തത്തകൾ ഉണ്ടായിരുന്നു അതിൽ. ലൗ ബേർഡ്സ് എന്ന് ഇവർ അതിനെ വിളിക്കുന്നു.

ബന്ധികളുടെ സ്നേഹപ്രകടനം ഇവരെ സന്തോഷവാൻമാരാക്കുന്നു. അതു കണ്ടുനിൽക്കുമ്പോൾ ഏവർക്കും സൗഖ്യം ലഭിക്കുന്നു. എത്രമാത്രം അസംബന്ധമാണിത്. ഒഴിഞ്ഞ കൂടുകൾ.... സങ്കടം തോന്നി. അടുത്ത നിമിഷം തിരുത്തി ചിന്തിച്ചു. എന്തിനു സങ്കടപ്പെടണം? അവർ സ്വതന്ത്രരായി. സന്തോഷിക്കയാണു വേണ്ടത്. ശാശ്വതമായ സ്വാതന്ത്ര്യമാണ് ആ കിളികൾക്കു ലഭിച്ചത്. ഇനി ഒരു താക്കോൽ കൂട്ടത്തെയും ഗൗനിക്കേണ്ടതില്ല.

കേൾക്കാം വിലാപസ്വരങ്ങൾ! ഇത്തരം പ്രാണൻ തലയ്ക്കപ്പെട്ട കിളിയിണകൾ, ചലനം വഴിമുട്ടിയ അലങ്കാര മത്സ്യങ്ങൾ, എത്ര ജീവനുകൾ... വീണ്ടും വീണ്ടും കേഴുന്നു. വിശാലമായ കടലിന്റെ നിഗൂഢതയിൽ ഒഴുകി നടക്കേണ്ടവർ, അനന്തമായ ആകാശത്തിന്റെ തോഴർ. എന്തിനു വേണ്ടിയാണ് മനുഷ്യർ ഇത്തരം ക്രൂരതകൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നത്?

## എട്ടുകാലികൾ

പ്രൊഫ.എസ്.ശിവദാസ്

**എട്ടുകാലികളെല്ലാം ഉപദ്രവകാരികളാണെന്നാണ് ആളുകളുടെ വിശ്വാസം. വാസ്തവത്തിൽ എട്ടുകാലികളെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയുമാണ് ചെയ്യേണ്ടത്. അവയില്ലായിരുന്നെങ്കിൽ ഭൂലോകം കീടങ്ങളുടെ ആക്രമണം മൂലം നശിച്ചേനെ!**

വെളുപ്പിന് എഴുന്നേറ്റ് മുറിയിലെ ലൈറ്റിട്ടപ്പോഴുണ്ട് ഒരു ചെറിയ പാറ്റ നിലത്തുകൂടി ഓടുന്നു. ഹോ, ഇത്ര വൃത്തിയാക്കി മുറി അടുക്കിയും തുടച്ചും സൂക്ഷിച്ചിട്ടും പാറ്റകൾ വന്നു കയറിയല്ലോ എന്ന വിഷമത്തോടെ ഞാൻ ഒരു നിമിഷം നിന്നു. അപ്പോഴുണ്ട് പാറ്റയ്ക്കു പിന്നാലെ ഒരു വലിയ എട്ടുകാലി ഓടിവരുന്നു. ലൈറ്റിട്ടതോ ഞാൻ നോക്കിനിൽക്കുന്നതോ ഗൗനിക്കാതെ എട്ടുകാലി നേരെ ചെന്ന് പാറ്റയെ കയറിപ്പിടിച്ചു. എങ്ങനെയുണ്ട് എന്റെ കഴിവ് എന്ന മട്ടിൽ ഒന്നു നോക്കിയിട്ട് ആ എട്ടുകാലി പാറ്റയെയും കൊണ്ട് മുറിയുടെ മൂലയിലേക്കു മാറി! വല കെട്ടുന്നതിലൊന്നും വിശ്വസിക്കാത്ത ജാതിയാണ് ആ എട്ടുകാലി. എന്റെ മുറിയിൽ പാറ്റകൾ താമസം തുടങ്ങിയ കാര്യം ഞാനറിയും മുമ്പ് ആ എട്ടുകാലി അറിഞ്ഞു. അവയെ പിടിച്ചുതിന്നാനും തുടങ്ങി....

എട്ടുകാലികളെല്ലാം ഉപദ്രവകാരികളാണെന്നാണ് ആളുകളുടെ വിശ്വാസം. വാസ്തവത്തിൽ എട്ടുകാലികളെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയുമാണ് ചെയ്യേണ്ടത്. അവയില്ലായിരുന്നെങ്കിൽ ഭൂലോകം കീടങ്ങളുടെ ആക്രമണം മൂലം നശിച്ചേനെ! നാൽപതിനായിരത്തോളം ജീവജാതികളുണ്ട് എട്ടുകാലികൾക്കിടയിൽ. അവയിൽ എല്ലാ ജാതികളും വല കെട്ടുന്നവയല്ല. വല കെട്ടുന്നവ തന്നെ പലതരം വലകളാണ് കെട്ടുന്നത്. മനോഹരമായ ആകൃതികളിൽ വലിയ വല കെട്ടുന്നവ തന്നെ ഏറെയുണ്ട്. ചക്രത്തിന്റെ ആകൃതിയിലും ഫണലിന്റെ (ചേർപ്പിന്റെ) ആകൃതിയിലുമുള്ള വലകളാണ് ചില എട്ടുകാലികൾ നെയ്യുന്നത്. മണ്ണിൽ ചെറിയ കുഴികളുണ്ടാക്കി അതിൽ കുപ്പിയുടെ ആകൃതിയിലുള്ള വലയുണ്ടാക്കുന്നവയുമുണ്ട്. അവരുടെ ആ കെണിക്ക് ഒരു വാതിലും കാണും. വെള്ളത്തിനടിയിൽ വലകെട്ടി അതിനുള്ളിൽ വായു ശേഖരിച്ചുവെച്ച് അവിടെ മുട്ടയിട്ടു വിരിയിക്കുന്ന മിടുക്കികളുമുണ്ട് എട്ടുകാലികൾക്കിടയിൽ!

മനുഷ്യർ എട്ടുകാലികളെപ്പറ്റി കൂടുതൽ ഗൗരവത്തോടെ ചിന്തിച്ചു തുടങ്ങിയതായി വാർത്തകളുണ്ട്. പാടത്തേക്ക് എട്ടുകാലികളെ വിട്ടാൽ കീടങ്ങളെ എളുപ്പം നിയന്ത്രിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു. ചൈനയിലാണ് അത്തരമൊരു പരീക്ഷണം നടന്നത്. പരുത്തിത്തോട്ടങ്ങളിൽ ഇടയ്ക്കിടെ ആഴം കുറഞ്ഞ കുഴികളുണ്ടാക്കി അവയിൽ വൈക്കോൽ നിറച്ചു. എട്ടുകാലികൾക്ക് തണുപ്പിൽ നിന്ന് രക്ഷപ്പെട്ട് ദീർഘ ഉറക്കത്തിൽ കഴിയുന്നതിനായിരുന്നു ഈ വൈക്കോൽ കൊട്ടാരങ്ങൾ. നീണ്ട ഉറക്കം കഴിഞ്ഞ് അവ ഉണരുമ്പോഴേക്ക് പരുത്തിച്ചെടികളിൽ കീടങ്ങൾ എത്തിയിരിക്കും. നല്ല വിശപ്പുള്ള എട്ടുകാലികൾ കീടങ്ങളെ ശാപ്പിടുകയും ചെയ്യും. ഇങ്ങനെ പരുത്തിത്തോട്ടങ്ങളിലെ 90 ശതമാനം കീടങ്ങളെയും നിയന്ത്രിക്കാൻ എട്ടുകാലികൾക്കു കഴിഞ്ഞു. നെൽപ്പാടങ്ങളിലെ കീടങ്ങളെ നിയന്ത്രിക്കാനും എട്ടുകാലികളെ ഉപയോഗിക്കാമെന്നു ചൈനക്കാർ കണ്ടെത്തി. ഇന്തോനേഷ്യ, ന്യൂഗിനിയ തുടങ്ങിയ രാജ്യങ്ങളിലും ഈ വിദ്യ ഫലപ്രദമായി പ്രയോഗിച്ച് കീടങ്ങളെ നിയന്ത്രിക്കുന്നുണ്ട്. ജൈവകൃഷി കൂടുതൽ വ്യാപകമാവുമ്പോൾ കൃഷിയിടങ്ങളിൽ എട്ടുകാലികളെപ്പോലുള്ള ജീവികളും കൂടുതലുണ്ടാകും. ജൈവകൃഷി നടത്തുന്നവർ കീടനാശിനികൾ അധികം ഉപയോഗിക്കില്ല. പാടത്തും പറമ്പിലും എട്ടുകാലികൾ പെരുകുമ്പോൾ കീടങ്ങൾ കുറയും. കൃഷിച്ചിലവും കുറയും. നമ്മുടെ നാടിനു പറ്റുന്ന എട്ടുകാലികൾ ഏതൊക്കെയെന്നു കണ്ടെത്തി അവയെ കൃഷിയിടങ്ങളിൽ വളർന്നു പെരുകാൻ അനുവദിച്ച് ഈ രംഗത്ത് പരീക്ഷണം നടത്താൻ വിദഗ്ധൻമാർ തയ്യാറാകുമോ?

**നെൽപ്പാടങ്ങളിലെ കീടങ്ങളെ നിയന്ത്രിക്കാനും എട്ടുകാലികളെ ഉപയോഗിക്കാമെന്നു ചൈനക്കാർ കണ്ടെത്തിയിട്ടുണ്ട്**



വര-ഡോ.ടി. റഹിമാൻ

# മാൻ ഓഫ് സ്മോൾ തിംഗ്സ്

## നടരാജൻ ബോണക്കാട്

ഗുഹാമുനിയെന്നാണ് ശിവൻ അടിപറമ്പിന്റെ നിക് നെയിം. അവനത് അറിയുമോ ആവോ.... ആരോടും അവൻ പെട്ടെന്നങ്ങനെ കേറി മിണ്ടില്ല, ചിരിക്കില്ല. അതുകൊണ്ടാണ്...

അപൂർവ്വം ചിലപ്പോൾ ഞങ്ങളാ അത്ഭുതം ദർശിക്കാറുണ്ട്, അവന്റെ മുറിയിൽ ഏകനായിരുന്ന അവൻ ചിരിക്കുന്നത്...

അവന്റെ കണ്ണുകൾ അനിമൽ പ്ലാനറ്റിൽ..... അമ്മയുടെ മേൽ കളിച്ചുമറിയുന്ന വെള്ള സിംഹക്കുട്ടികൾ.... ഉലാത്തുന്ന ആൺസിംഹങ്ങൾ...

അത് ചിരിയെന്നു പറയാനാവില്ല, ഒരു മന്ദസ്മേരം. നെഞ്ച് പൊട്ടിച്ച് ആത്മാവിന്റെ ഒരു തട്ടിത്തൂവൽ...മറ്റൊരിക്കൽ വീട് നിറഞ്ഞ് ഗുലാം അലിയുടെ മെഹ്ഫിൽ-എ-ഗസൽ. സ്റ്റീരിയോക്ക് അഭിമുഖം നിൽക്കുകയായിരുന്ന അവൻ തിരിഞ്ഞപ്പോൾ കണ്ടു. നീണ്ടുകൂർത്ത ഉളിപ്പല്ലുകൾ.... വായിൽ നിന്നും സംഗീതത്തിന്റെ തുള്ളികൾ ഇറ്റുവീണുകൊണ്ടിരിക്കുന്നു.

പഴയ പാട്ടുകൾ കേട്ടുലാത്തുമ്പോൾ അവന്റെ മന്ദസ്മിതത്തിനെന്താണ് ഒരു വേദനയുടെ സ്പർശം..

പിന്നൊന്ന് പി-യുടെ രേഖാചിത്രം ഒരു മാസികയിൽ കണ്ടപ്പോൾ. കവിയുടെ കാല്പാടുകളിലെ നാട്ടുവഴികൾ മനസ്സിൽ വന്നിട്ടുണ്ടാവും.

നിഷ്കളങ്കതയുടെ ഭൂമിയിലെ ഒരേയൊരു തിരുശേഷിപ്പ്-മൃഗങ്ങൾ, അവൻ പറയാറുണ്ട്. കാടുമായി ബന്ധപ്പെട്ടതെല്ലാം വിശുദ്ധം, അതുകൊണ്ടാണ് ആദിവാസികളൊക്കെ അത്രമേൽ നിഷ്കളങ്കരായിരിക്കുന്നത്..

ഞങ്ങൾ വായിക്കാനിടയായ അവന്റെ ചില ഡയറിക്കുറിപ്പുകൾ:

കുഞ്ഞൂട്ടൻ മരിച്ചു. അവസാനത്തെ ഓമനമുയലിന്റെ മരണം, അത് പച്ചയുമായുള്ള ഒരറ്റുപോകലുമാണ്. എവിടെപ്പോകുമ്പോഴും ഒരു ഒബ്സെഷൻ പോലെ വഴിയരികിലെ പച്ചപ്പിൽ അവർക്ക് പ്രിയങ്കരമായ അപ്പ, മുത്തങ്ങപ്പുല്ല്, മുയൽച്ചെവി, കൊടങ്ങൽ... കണ്ണുകൾ തേടിക്കൊണ്ടേയിരിക്കും. ഇനി പതുക്കെപ്പതുക്കെ ഞാനവയെ നോക്കാതാവും, അവയെ മറക്കും.

വീട് നിറയെ മുയലുകളും മുറ്റം നിറയെ പൂച്ചകളുമായിരുന്നപ്പോൾ ഇവയെല്ലാം ഒഴിഞ്ഞുപോയാൽ ഒരു സമാധാനം കിട്ടുമെന്ന് നിനച്ചിരുന്നു. ഇപ്പോൾ അവരെല്ലാം പോയിക്കഴിഞ്ഞപ്പോൾ നെഞ്ചിൽ നിന്നെന്തോ അടർന്നുപോയതുപോലെ. മുയലുകൾ കിടക്കുമായിരുന്നിടത്ത് എന്തെങ്കിലും എടുത്തുവയ്ക്കുമ്പോൾ... ഹൊ!

ചിത്രശലഭങ്ങൾക്ക് മരിച്ചവരോട് സംസാരിക്കാനാവുമോ? മരത്തിൽ തൂങ്ങിനിന്ന യുവാവിന്റെ പുറംകയ്യിൽ ഒരു ശലഭം ചിറകടിച്ചുകൊണ്ടിരുന്നു. അത് അവനോടെന്തായിരിക്കും ചോദിച്ചിരിക്കുക?

കറുത്ത തണുപ്പിന്റെ സർപ്പം അതിനോടെന്തായിരിക്കും പ്രതിവചിച്ചിരിക്കുക?

എ.അയ്യപ്പൻ മരിച്ചു. അയ്യപ്പണ്ണനോട് നൂറു രൂപയുടെ കടമുണ്ട്. മകൾക്ക് ആദ്യമായി കവിതയ്ക്ക് അവാർഡ് ലഭിച്ചപ്പോൾ നൽകാനാഗ്രഹിച്ച ഓഹരി..

അയ്യപ്പനോട് ജനങ്ങൾ കാട്ടിയ സ്നേഹവായ്പുകൾ കാൺകേ 'പെർഫ്യൂം' എന്ന സിനിമയാണോർത്തത്. താൻ നിർമ്മിച്ച വിശിഷ്ടമായ പെർഫ്യൂം പൂശിക്കൊണ്ട് (അതുകാരണം തൂക്കുമരത്തിൽ നിന്നുപോലും രക്ഷപ്പെട്ട്) അവസാനരംഗങ്ങളിൽ കഥാനായകൻ താൻ ജനിച്ചുവീണ ചന്തയിലെത്തുന്നു. ആ കാന്തികസുഗന്ധത്തിലേക്ക് ലോഹരേണുക്കൾ പോലെ പറന്നുവീണ് ആളുകൾ അവനെ മൂടുന്നു. പിന്നെ അവർ നിവരുമ്പോൾ അവനില്ല...

മൃഗങ്ങൾക്കും അവരുടേതായ രീതിയിൽ ചില അടയാളങ്ങൾ അവശേഷിപ്പിച്ചു പോകാനാവും. വിഷം തിന്നു മരിച്ച യുങ്, യാങ് എന്നീ പൂച്ചക്കുട്ടികൾ... അവർ ഓടിക്കയറി കളിച്ച നെല്ലിയിൽ അവരുടെ നഖങ്ങൾ കോറിയിട്ട പാടുകൾ... മരത്തിനൊപ്പം അവയും വലുതായി വലുതായി.... വേദനയുടെ വ്രണശില്പങ്ങൾ...

കഥാകൃത്ത് സേവിയർ ഗോമസ് വന്നിരുന്നു. അവൻ പറഞ്ഞു: 'ഇന്ന് ഒരു ലിറ്റിൽ മാഗസിനിൽ കുറേ മിനിക്കഥകൾ വായിച്ചു, ഛർദിച്ചില്ലെന്നേയുള്ളൂ!'

അവൻ തുടർന്നു: 'ഞാൻ ആലോചിക്കാറുണ്ട്, സൃഷ്ടിയിലേർപ്പെട്ടിരിക്കുമ്പോൾ നാം എത്ര സ്വതന്ത്രരാണ്! ഒരു രചനയെ മികച്ചതാക്കാനും ചീത്തയാക്കാനുമുള്ള സ്വാതന്ത്ര്യം. ഞാൻ ചീത്ത എഴുത്തുകാരൻ...'

മുറ്റത്ത് നടക്കുമ്പോൾ ആകാശത്തുനിന്ന് ഒരു വയനയില മുഖത്തൂടെ മണത്തു വീണു.

പണ്ട് ഇവിടെയൊരു വയനയുണ്ടായിരുന്നോ?

കിണറ്റിൻകരയിൽ തല്ലുകൂടി കളിച്ചുകൊണ്ടിരിക്കുന്നു, നിലപ്പനയും നെല്ലിച്ചില്ലയും...

ഹെഡ്‌ലൈൻ ടുഡേ ചാനലിൽ വടക്കുകിഴക്കൻ ശ്രീലങ്കയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് കാണുകയായിരുന്നു. പിറന്ന മണ്ണിൽ വേട്ടയാടപ്പെട്ട തമിഴ് വംശജരുമായി പ്രിയംവദ എന്ന റിപ്പോർട്ടർ സംസാരിക്കുന്നു. ഇപ്പോഴും സാവധാനത്തിലുള്ള ഒരു എത്‌നിക് ക്ലീൻസിംഗാണ് അവിടെ നടക്കുന്നതെന്ന് ബോധ്യമാവുന്ന, മനസ്സാക്ഷി മരവിപ്പിക്കുന്ന രംഗങ്ങൾ. (സേവിയർ പറഞ്ഞതോർക്കുന്നു: ശ്രീലങ്കയിലെ പട്ടാള അതിക്രമങ്ങളെക്കുറിച്ചുള്ള പുതിയ വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോൾ ഞാനെഴുതിയ ഈഴം കഥകൾ എന്ത് ബാലിശവും തുച്ഛവുമാണെന്ന് തോന്നിപ്പോയി...) പെട്ടെന്ന് അമ്പരന്നു. സ്ക്രീനിലെ ഈഴം വനിത പേശുന്ന തമിഴ് പരിചിതമാണ്. വിഴിഞ്ഞത്തെ മുക്കുവസമൂഹം ഈ ഭാഷ സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിലെ തമിഴ് വിശ്വകർമ്മ സമുദായങ്ങൾക്കിടയിൽ ഈ ഭാഷയുണ്ട്. ഉദാഹരണത്തിന്, 'ഞാൻ വാങ്ങി' എന്നതിന് ഈ മൂന്നിടങ്ങളിലും 'വേണ്ടിനേൻ' എന്നാണ് പ്രയോഗം (ശേഷം പേജ് 10 ൽ)

## തടാകം

പാർവ്വതി

ആഴം കൂടിയ ഒരേകാന്തതയുടെ
പേരാണ് തടാകമെന്നത്.
ഒഴുക്കിന്റെ രൂപമായ നദിയെപ്പോലെ നിരന്തരം സഞ്ചരി
ക്കുന്നുണ്ട് തടാകവും.അത് മറ്റൊരു വിധത്തിലെ, വിതാന
ത്തിലെ സഞ്ചാരം തന്നെ. നിശ്ശബ്ദമായത്....

മലകൾക്കിടയിൽ നിശ്ചലമായിരിക്കുമ്പോഴും ജലം ചെയ്യുന്ന സഞ്ചാരങ്ങളെ കുറിച്ചാണ് ഞാൻ വിചാരിച്ചത്. തടാകത്തിനു ചുറ്റിനും മലകളായിരുന്നു. കാടുകൾ നിറഞ്ഞത്. ഓരോ വർഷകാലവും അതിന്റെ ചെരിവിലൂടെ ഊർന്ന് താഴെ നിശ്ചലമായിത്തീർന്നു. കൂടുതൽ താഴ്ന്ന ഒരിടത്തേക്ക് ഒഴുകിയെത്താനാവാതെ. ഞാൻ നോക്കുമ്പോൾ ബോട്ടുകൾ വേഗത്തിൽ കുതിച്ചു. അവയിൽ ഉല്ലസിക്കുന്ന ആളുകൾ. കരയ്ക്കടുപ്പിച്ചവ ഓളങ്ങളിൽക്കുരുങ്ങി തെന്നിക്കൊണ്ടിരുന്നു. തടാകം എത്ര ഏകാന്തമായ യാത്രിക. അതിന്റെ അടിത്തട്ടിൽ നൂറ്റാണ്ടുകളുടെ ചെളിയും ഇലകളും അടിഞ്ഞിരിക്കുന്നു. അതിലേക്ക് എത്ര വർഷപാതങ്ങൾ വന്നുചേർന്നിരിക്കുന്നു. അതിന്റെ ജലത്തിനകത്ത് എത്ര ജീവിവർഗ്ഗങ്ങളുടെ അഭയം. ചെളിയിൽ വേരുപടർത്തി ഉപരിതലത്തിലേക്ക് ഉണർന്നുകഴിഞ്ഞ ഒരായിരം ചെറിയ ചുവപ്പുപൂക്കൾ. അത് പ്രകാശത്തെ തൊടുന്നു. പ്രകാശം ജലം കടന്ന് അടിത്തട്ടിനെ സ്പർശിക്കുന്നു. ഒരു മീൻകൊത്തിപ്പക്ഷി പെട്ടെന്ന് വന്ന് കൊത്തിയെടുത്തു പറക്കുന്നു. തടാകക്കരയിൽ ഞാനിറങ്ങി കാൽ നനയ്ക്കുമ്പോൾ കലങ്ങിച്ചുവക്കുന്നു. നിമിഷങ്ങൾകൊണ്ട് കലക്കത്തെ മായ്ച്ച്, അനക്കത്തെ മായ്ച്ച് തെളിഞ്ഞുവന്ന ജലം എനിക്ക് വിസ്മയമാണ്. നേർത്തതായ ഓളങ്ങളിൽ ചെറിയ ഇലകൾ തോണിയുടെ ശരീരം അനുഭവിക്കുകയാവണം. നദിയിൽ കിടക്കുമ്പോഴെല്ലാം എന്റെ മെയ്യും അതേ. ആഴം കൂടിയ ഒരേകാന്തതയുടെ പേരാണിത്. തടാകമെന്നത്. ഒഴുക്കിന്റെ രൂപമായ നദിയെപ്പോലെ നിരന്തരം സഞ്ചരിക്കുന്നുണ്ട് തടാകവും. അത് മറ്റൊരു വിധത്തിലെ, വിതാനത്തിലെ സഞ്ചാരം തന്നെ. നിശ്ശബ്ദമായത്. അദൃശ്യമായത്. ഏറെ നേരം അനക്കമില്ലാതെ മീനുകളുണ്ട് താഴെ. പ്രകാശം ചെറിയ ചിത്രങ്ങളുണ്ടാക്കുന്നു അവയുടെ ദേഹത്ത്. കാടിന്റെ സ്വരഭേദങ്ങളൊഴിച്ച്, എന്റെ ശ്വാസവും ചുവടൊച്ചയും ഒഴിച്ച് തടാകം ഒരു നിശ്ശബ്ദതയാണ്. എന്നാലും അത് അതിന്റേതായ വേറിട്ടൊരു നാദം കേൾപ്പിക്കുന്നു. ഭൂമിയ്ക്കും ആകാശത്തിനുമിടയ്ക്ക്, ജീവനും വസ്തുവിനും ഇടയ്ക്ക് അത് ഒരു തുടർച്ചയുണ്ടാക്കുന്നു. വേറൊരു ഭാഷയെ രൂപപ്പെടുത്തുന്നു. അതിൽ എന്റെ ഒരു അവയവമുണ്ട്.

**........മാൻ ഓഫ് സ്മോൾ തിംഗ്സ്**

ഇവരെ തൊട്ടുകിടക്കുന്നു, ഒരേ കടൽ...

**ചെ**ന്നൈയിൽ നിന്ന് മിത്രദാസ് വിളിച്ചിരുന്നു.

കത്തുന്ന രഥചക്രം! കത്തുന്ന രഥചക്രം!- ഒരു ഉദ്ഘോഷമാണ് അവനിൽ നിന്ന് ആദ്യമുണ്ടായത്. അവൻ പറഞ്ഞു. ഇവിടെ റോഡുകൾ തൊഴുത്താക്കിയ പശുക്കൂട്ടങ്ങൾ തെരുവുനായ്ക്കൾക്കൊപ്പം ചവറുകൂനയിൽ നിന്നും തീറ്റതേടുന്നതു കാണുമ്പോൾ എപ്പോഴും മനസ്സിൽ വരുന്നത് ടി. പത്മനാഭന്റെ 'കത്തുന്ന രഥചക്രം'. എനിക്കേറ്റവും പ്രിയപ്പെട്ട പത്മനാഭൻ കഥ. പോളിത്തീൻ കവറുകൾ പൊട്ടിച്ച് ഉള്ളടക്കം തിന്നുതീർക്കുന്ന കാലിക്കൂട്ടം നമ്മുടെ തലസ്ഥാനത്തെ വേസ്റ്റ് ഡിസ്പോസലിന് പരീക്ഷിച്ചുനോക്കാവുന്നതാണെന്ന് തെല്ല് ആക്ഷേപഹാസ്യവും തോന്നിപ്പോകുന്നു, ക്ഷമിക്ക്.

**എ**ല്ലാ ജീവികളും ഒരു വീട് ആഗ്രഹിക്കുന്നു, അതിൽ അത്ഭുതമില്ല, എന്നാൽ മനുഷ്യന്റെ വീട് തന്നെ... മേശമേലും മറ്റും സോല്ലാസം പെരുമാറുന്ന പല്ലികൾ.... കതകു തുറക്കാൻ കാത്തിരുന്ന് അകത്തേക്ക് ചാടിക്കടക്കുന്ന തവളകൾ... എവിടെ നിന്നോ കി...ഓ...ങ്.. എന്ന് അക്ഷരപ്പെടുത്താവുന്ന ഒരു നിലവിളിയുമായി വന്നുചേർന്ന ഒരു പൂച്ചക്കുഞ്ഞ്. (പിന്നീട് കിയോങ് എന്നുതന്നെ പേരിട്ട് വളർത്തിയ അവൾ വിഷം തിന്ന് അത്യാസന്നനിലയിലായപ്പോൾ വന്നതുപോലെ തന്നെ ഒരജ്ഞാതത്വത്തിലേക്ക് പോയി മരിച്ചു.) പെണ്ണാകയാൽ എല്ലാവരും അതിനെ ആട്ടിയോടിച്ചുകൊണ്ടിരുന്നു. മതിലിൻമേൽ രാത്രിമഞ്ഞും ചാറ്റമഴയുമേറ്റ് ആർത്തമായി ഈ വീടിനെ നോക്കി അവൾ ഇരുന്നത്... അവളുടെ മുമ്പിൽ നിലാപ്പാൽ ഒഴുകിവീണുകൊണ്ടിരുന്ന ഒരു മധുരപലഹാരം പോലെ വീട്...

**രണ്ട്**

നാടാകെ നിറയാൻ ഇറങ്ങിപ്പുറപ്പെട്ടവൻ. ഇപ്പോൾ തിരിച്ചുവന്ന് പുല്ലിനോടും പുഴുവിനോടും വർത്തമാനം പറഞ്ഞ്, കുപ്പച്ചീരയെക്കുറിച്ച് ഉപന്യാസമെഴുതി, കുഞ്ഞുകുഞ്ഞു കാര്യങ്ങളിൽ ഉത്സവപ്പെട്ട്...

അവന്റെ കഥ കഴിഞ്ഞു. ഞങ്ങൾ നിരൂപിച്ചു.

ഇപ്പോൾ എന്തോ അവിടെനിന്ന് അപൂർവ്വമായേ പാട്ടുകൾ കേൾക്കാനാവൂ, പകരം ആരോടും അവൻ വെളിപ്പെടുത്താത്ത ഏതോ രോഗപീഢയുടെ നിലവിളികൾ... (വേദനയിൽ അവൻ പുളഞ്ഞുകൊണ്ടിരിക്കുന്നു. എഫ്.എം-ലെ 'ഗ്രാമഫോണി'ൽ 'സ്വർണ്ണചാമരം'... ഞങ്ങൾ കണ്ടു, നിലവിളിക്കിടയിലും അവന്റെ ഉടൽ പാട്ടിന് താളം പിടിക്കുന്നത്- അടിയേറ്റ് തല ചതഞ്ഞ പാമ്പ് മകുടിക്കൊത്ത് ആടാൻ യത്നിക്കുമ്പോലെ...)

പിന്നൊരുനാൾ കേട്ടു: ഒരു പുലർച്ചെ ശിവൻ ഉറക്കമുണരുമ്പോൾ അവന്റെ കഴുത്തിൽ ചുറ്റിക്കിടക്കുന്നു, ഒരു പാമ്പിൻ ഉറ.

ആയിടയ്ക്കാണ് ഞങ്ങളുടെ ഗ്രാമത്തിൽ നിന്നും എന്നെന്നേക്കുമായി അവൻ അപ്രത്യക്ഷനായത്.

ഞങ്ങൾ അവന്റെ ഡയറി പരിശോധിച്ചു. അതിലെ അവസാന ഭാഗങ്ങൾ ഞങ്ങളെ ഭയപ്പെടുത്തുകയും കരയിക്കുകയും ചെയ്തു.

പിന്നെ ഞങ്ങളവനെ കാണുന്നത് വാൽപ്പാറയിലാണ്. ഭക്ഷണദൗർലഭ്യത്താൽ തേയിലത്തോട്ടത്തിലിറങ്ങി പലചരക്കുകടകളും റേഷൻകടയുമൊക്കെ ആക്രമിക്കുന്ന കാട്ടാനക്കൂട്ടങ്ങളിലെ ഒരെണ്ണം അവനായിരുന്നു.



# രാജസ്ഥാൻ ഹൈക്കോടതി മൊബൈൽ ടവറിനെതിരെ...

രാജ്യത്തിന്റെ ടെലികോ മേഖലയിൽ നിർണ്ണായക മായ സ്വാധീനങ്ങൾ ഉണ്ടാക്കാനിടയുള്ള കോടതിവിധി യെക്കുറിച്ച് ...

അഡ്വ. പി.എ പൗരൻ

**മൊബൈൽ ഫോൺ, ടവർ ഇവയിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ ജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക പെരുകുന്ന ഈ കാലത്ത് രാജസ്ഥാൻ കോടതി ജനപക്ഷത്തു നിന്നുകൊണ്ട് ഒരു വിധി പുറപ്പെടുവിച്ചിരിക്കുന്നു.**

മൊബൈൽ ടവറുകൾ വിദ്യാലയങ്ങൾ,ആശുപത്രികൾ, കളിസ്ഥലങ്ങൾ തുടങ്ങിയവകളിൽ നിന്ന് രണ്ടു മാസത്തിനകം മാറ്റിസ്ഥാപിക്കണമെന്ന് രാജസ്ഥാൻ ഹൈക്കോടതി രാജസ്ഥാൻ സർക്കാരിനോട് ഉത്തരവിട്ടിരിക്കുന്നു.ജെയിലുകളിൽ നിന്ന് 500 മീറ്ററും സ്മാരകങ്ങളിൽ നിന്ന് 100മീറ്ററും അകലം പാലിച്ചു മാത്രമെ ടവറുകൾ പാടുള്ളൂ എന്നും കോടതി നിർദ്ദേശിച്ചിരിക്കുന്നു.ജസ്റ്റിസ് അരുൺ മിശ്ര,ജസ്റ്റിസ് എൻ. കെ.ജയിൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റേതാണ് ഏറെ ജനോപകാരപ്രദമായ ഈവിധി. കുട്ടികൾക്കും രോഗികൾക്കും മൊബൈൽടവറിൽ നിന്നുള്ള റേഡിയേഷൻ ഹാനികരമാണെന്നും മൊബൈൽ ഫോണിൽ നിന്നും ടവറിൽ നിന്നുമുള്ള വികിരണങ്ങൾ ക്രമേണ കലകളെ മൈക്രോ വേവ് ഓവൻ ചെയ്യുന്നതു പോലെ വേവിക്കുമെന്നും മറ്റുമുള്ള കേന്ദ്ര മന്ത്രിതല കമ്മറ്റിയുടെ റിപ്പോർട്ടിനെ മുഖ വിലയ്ക്കെടുത്താണ് 200 പേജുള്ള വിധി ന്യായം.

മൊബൈൽ റേഡിയേഷൻ കാൻസർ,ബ്രയിൻ ടൂമർ, ദഹന പ്രശ്നങ്ങൾ, അമിത ഹൃദയ മിടിപ്പ് തുടങ്ങിയ മാരക രോഗങ്ങൾക്കും കാരണമാകുമെന്നും മന്ത്രിതല കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. മൊബൈൽ ഫോൺ 20-25 മിനിറ്റിൽ കൂടുതൽ ഉപയോഗിക്കരുതെന്ന് മൊബൈൽ റേഡിയേഷനെക്കുറിച്ച് പഠനം നടത്തിയ കേന്ദ്രമന്ത്രിസഭാ സമിതി ചൂണ്ടിക്കാണിച്ച വിവരവും രാജസ്ഥാൻ ഹൈക്കോടതി എടുത്തുപറഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങളെ കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള ബാധ്യത മൊബൈൽഫോൺ ഉൽപാദകർക്കും സർവ്വീസ് ദാതാക്കൾക്കും ഉണ്ട് എന്ന് ഹരജിക്കാരൻ റിട്ടയേർഡ് ജസ്റ്റിസ് ഐ.എസ്. ഇസ്രാനിയുടെ അഭിഭാഷകൻ പ്രതീക് കാസ്‌ലിവാൾ ചൂണ്ടിക്കാട്ടുന്നു.

രാജസ്ഥാൻ ഹൈക്കോടതി എടുത്തുപറഞ്ഞ മറ്റൊരു കാര്യം മൊബൈൽ ഫോണുകളുടെ റേഡിയേഷൻ തോത് അതാത് കമ്പനികൾ സാങ്കേതിക വകുപ്പിന്റെ നിർദേശാനുസരണം പൊതുജനങ്ങൾ മുമ്പാകെ വെളിപ്പെടുത്തണം എന്നാണ്. രാജ്യത്തിന്റെ ടെലികോ മേഖലയിൽ നിർണ്ണായകമായ സ്വാധീനങ്ങൾ ഉണ്ടാക്കാനിടയുള്ള കോടതിവിധിയെക്കുറിച്ച് പക്ഷേ നമ്മുടെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുകാണുന്നില്ല. കേവലം രാജസ്ഥാൻ സംസ്ഥാനത്തെ മാത്രം ബാധിക്കുന്ന പ്രശ്നമായല്ല മൊബൈൽ ഫോൺ, ടവർ ഇവയിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ ജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക പെരുകുന്ന ഈ കാലത്ത് കൂടുതൽ ജാഗ്രതയും, സുരക്ഷയും ഉറപ്പുവരുത്തുന്ന നടപടികൾ ഉണ്ടായേ തീരൂ. രാജസ്ഥാൻ കോടതിയെങ്കിലും ഇത്തരം ഒരു നടപടിക്ക് മുതിർന്നതിൽ ആശ്വസിക്കാം. പൊതുതാൽപര്യ ഹരജിയിലൂടെ മൊബൈൽ അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ജസ്റ്റിസ് ഐ.എസ്. ഇസ്രാനിയുടെ ശ്രമവും വിലമതിക്കേണ്ടതാണ്.

***രാജസ്ഥാൻ ഹൈക്കോടതിയുടെ ചില മാർഗ്ഗനിർദേശങ്ങൾ***

**1. ടവർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയിൽ നിന്ന് ദൂരെ മാറ്റി മാത്രമേ സ്ഥാപിക്കാവൂ.**

**2. ടവറുകൾ ജയിലുകളിൽ നിന്ന് 500 മീറ്ററും സ്മാരകങ്ങളിൽ നിന്ന് 100 മീറ്ററും മാറ്റി മാത്രമെ സ്ഥാപിക്കുവാൻ പാടുള്ളൂ.**

**3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മൊബൈൽ ടവറുകൾ ആവശ്യമെന്ന് കാണുന്നപക്ഷം നീക്കം ചെയ്യാനോ കണ്ടുകെട്ടാനോ അധികാരമുണ്ട്.**

**4. 1.6 watt per kg യിൽ കൂടുതൽ റേഡിയേഷൻ ഉണ്ടാക്കുന്ന മൊബൈൽ ഫോൺ നിർമ്മിക്കാൻ പാടില്ല.**

**5. റേഡിയേഷന്റെ തോത് മൊബൈൽ ഫോണിൽ രേഖപ്പെടുത്തിയിരിക്കണം.**

**അനുഭവത്തിന്റെ വെളിച്ചത്തിൽ ചില പ്രായോഗിക നിർദേശങ്ങൾ:**

*അമിതമായി മൊബൈൽഫോൺ ഉപയോഗിക്കുന്നത് സ്വയം നിയന്ത്രിക്കണം.*

*നമുക്ക് 40% കോളുകളും വേണമെങ്കിൽ ഒഴിവാക്കാവുന്നതാണെന്ന് മനസ്സിലാക്കി മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുക.*

*സംക്ഷിപ്തമായി പരമാവധി ചുരുക്കി മാത്രം മൊബൈൽ ഫോണിലൂടെ സംസാരിക്കുക.*


*വിശദാംശങ്ങൾ മെയിൽ അയച്ചോ, കത്തയച്ചോ, നേരിട്ടോ മാത്രം വിനിമയം ചെയ്യാൻ പരമാവധി ശീലിക്കുക.*

*ദിവസവും കുറച്ചു സമയം മൊബൈൽ ഫ്രീ ആയി ക്രമീകരിക്കുക. ആ സമയം മുൻകൂട്ടി സുഹൃത്തുക്കളെയും മറ്റു ബന്ധുക്കളെയും ഒക്കെ അറിയിക്കുക. അങ്ങനെ വരുമ്പോൾ നമ്മെ വിളിക്കുന്നവർ ആ സമയം മനസ്സിലാക്കി മാത്രം വിളിക്കും.*

*ലാൻഡ്ഫോൺ ഉപയോഗം കൂട്ടുക. ഫോൺ നമ്പർ കൈമാറുമ്പോൾ ലാൻഡ് ലൈൻ നമ്പർ നിർബന്ധമായും കൊടുക്കുക.*

*വിസിറ്റിംഗ് കാർഡുകളിലും മറ്റും ലാൻഡ്ഫോൺ നമ്പർ വലിയ അക്ഷരത്തിൽ ശ്രദ്ധേയമായി കാണിക്കുക.*

ദിവസവും കുറച്ചു സമയം മൊബൈൽ ഫ്രീ ആയി ക്രമീകരിക്കുക.



## പാഠം

സുകേതു


ചുമരിൽ ആണിയടിക്കാൻ ശ്രമിക്കുകയായിരുന്നു. വളഞ്ഞതല്ലാതെ ഒറ്റയെണ്ണം നേരാംവണ്ണം കേറിയില്ല. ദേഷ്യം പിടിച്ച് ആഞ്ഞൊരടി. ആണി തെറിച്ചുംപോയി. അടികിട്ടിയത് പെരുവിരലിനും! അത്രയുംനേരം മിണ്ടാതിരുന്ന അച്ഛൻ അടുത്തുവന്നു: "ആദ്യം വേണ്ടത് ക്ഷമ. ആരെയും വേദനിപ്പിച്ചുകൂടാ.. അത് രണ്ടാംപാഠം. നിനക്കിപ്പോ കിട്ടിയ ഈ അടി മൂന്നു ശാപമാണ്; ചുമരിന്റെ ആണിയുടെ ചുറ്റികയുടെ. അങ്ങനെവേണം കണക്കാക്കാൻ."
അച്ഛനിൽ നിന്നു കിട്ടിയ ഏറ്റവും നല്ലൊരു പാഠമാണിത്.

*ക്യാമ്പയിൻ*

## ടെലിവിഷൻ അൽപനേരം നിർത്തിവെക്കൂ

**അൽപം സ്വാസ്ഥ്യം, ശാന്തത, നിശ്ശബ്ദത ഒന്നാസ്വദിക്കൂ...**

ടെലിവിഷന് വിഡ്ഢിപ്പെട്ടി എന്ന പേര് വന്നിട്ട് കുറേയധികം കാലമായി. ഇന്നതിന് വിഡ്ഢിപ്പെട്ടി എന്ന പേരല്ലാ ചേരുക, മറിച്ച് അപായപ്പട്ടി എന്നോ, ശല്യപ്പെട്ടി എന്നൊക്കെയോ ആയിട്ടുണ്ട്. നമ്മുടെ വൈകുന്നേരങ്ങളിലെ ടെലിവിഷൻ മൂളിച്ചയ്ക്ക് അല്പം വിരാമം കൊടുക്കുക.
ടെലിവിഷൻ ഒഴിവാക്കുന്നവരുടെ എണ്ണം കൂടുകയാണ്. ടെലിവിഷൻ ഒഴിവാക്കി സന്തോഷം കൈവരിച്ചവരുടെ അനുഭവങ്ങൾ എഴുതി അറിയിക്കണേ.. *-ലിമാ ടീം*



*ശരീരത്തിനൊരു താളമുണ്ട്. അത് വിശ്രമവും ശ്രമവുമാണ്. ശരീരത്തിലെ ഓരോ അവയവങ്ങളും പ്രവർത്തിക്കുന്നത് വിശ്രമത്തെ ആശ്രയിച്ചാണ്.*

# വിശ്രമം

ഡോ.പി.എ. രാധാകൃഷ്ണൻ

വിശ്രമത്തിലൂടെ രോഗശമനം സാധ്യമാണെന്ന് തെളിയിച്ചുകൊണ്ട് വിശ്രമചികിത്സാകേന്ദ്രം ലോകത്ത് ആദ്യമായി സ്ഥാപിച്ചത് ഫിലാഡൽഫിയക്കാരനായ ഡോ: സൈലാസ് വിയർ മിച്ചേൽ (Silas weir mitchell 1829-1914) ആണ്. ഒരു അലോപ്പതി ഡോക്ടറും സർജനുമായിരുന്ന മിച്ചേലിന്റെ സിദ്ധാന്തങ്ങൾ പിന്നീടുവന്ന പ്രകൃതിചികിത്സാ ആചാര്യൻമാർ സ്വീകരിക്കുകയും വിശ്രമചികിത്സ പ്രകൃതിചികിത്സയുടെ പ്രധാന ഭാഗമായി മാറുകയും ചെയ്തു. വിശ്രമം എങ്ങനെ രോഗം മാറ്റുന്നു എന്നൊന്നും വിശദീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ലെങ്കിലും സൈലാസ് വിയർ മിച്ചേലിന്റെ 'വിശ്രമം രോഗശമനം നൽകുന്നു' എന്ന അറിവ് പ്രകൃതിചികിത്സാശാസ്ത്രത്തിന്റെ വളർച്ചയിൽ മുതൽക്കൂട്ടായിട്ടുണ്ട്.

ശരീരത്തിനൊരു താളമുണ്ട്. അത് വിശ്രമവും ശ്രമവുമാണ്. ശരീരത്തിലെ ഓരോ അവയവങ്ങളും പ്രവർത്തിക്കുന്നത് വിശ്രമത്തെ ആശ്രയിച്ചാണ്. ഒരിക്കലും നിർത്താതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രം എന്നറിയപ്പെടുന്ന ഹൃദയം പോലും പ്രവർത്തിക്കുന്നത് വിശ്രമിച്ചുകൊണ്ടാണ്. അത് പ്രവർത്തിക്കുന്നതിനേക്കാൾ കൂടുതൽ സമയം വിശ്രമിക്കുന്നുണ്ട് എന്നതാണ് സത്യം. ഹൃദയം രണ്ട് സ്പന്ദനങ്ങൾക്കിടയിലാണ് വിശ്രമിക്കുന്നത്. അത് പ്രവർത്തിക്കുന്നത് 0.32 സെക്കന്റും അതിനോടനുബന്ധിച്ച് വിശ്രമിക്കുന്നത് 0.48 സെക്കന്റുമാണ്. വിശ്രമത്തിൽ നിന്ന് ലഭിച്ച ഊർജ്ജമാണ് ഹൃദയത്തെ പ്രവർത്തിക്കാൻ സഹായിക്കുന്നത്. രാപ്പകലില്ലാതെ മുഴുവൻ സമയവും പ്രവർത്തിക്കുന്ന മറ്റൊരു അവയവമാണ് വൃക്കകൾ. വൃക്കകൾ നിരന്തരം പ്രവർത്തിക്കുന്നുണ്ട് എന്നത് സത്യമാണെങ്കിലും വൃക്കകൾ മുഴുവൻ ഒരേസമയം പ്രവർത്തിക്കുന്നില്ല. ലക്ഷക്കണക്കിന് അരിപ്പകളുണ്ട് (Nephrons) ഓരോ വൃക്കകളിലും. ഈ അരിപ്പകൾ എല്ലാം ഒരേസമയം പ്രവർത്തിക്കുന്നതിനുപകരം ഒരു ഭാഗം പ്രവർത്തിക്കുമ്പോൾ മറ്റേ ഭാഗം പ്രവർത്തിക്കാതിരിക്കുകയും പിന്നീട് വിശ്രമാവസ്ഥയിലായിരുന്ന ഭാഗം പ്രവർത്തിക്കുമ്പോൾ മുമ്പ് പ്രവർത്തിച്ചിരുന്ന ഭാഗം വിശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ ശരീരത്തിന്റെ ഏതൊരു ഭാഗവും വിശ്രമിച്ച്, സ്വയം കരുത്താർജ്ജിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്.

പകൽസമയത്ത് സജീവമായിരിക്കുന്ന ജീവിയാണ് മനുഷ്യൻ. രാവിലെ മുതൽ ഓരോ പ്രവൃത്തിയിൽ ഏർപ്പെടുന്നു. രാവിലെ ഉണർവ്വോടെ തന്നെ പ്രവർത്തിക്കുന്നു. വൈകുന്നേരമായാൽ പിന്നെ ശരീരം ക്ഷീണിക്കാൻ തുടങ്ങുന്നു. അതോടെ പ്രഭാതത്തിലെ അത്ര ഉണർവ്വോടെ കാര്യങ്ങൾ നീക്കാൻ ശരീരത്തിനും മനസ്സിനും കഴിയാതെയുമാകുന്നു. രാത്രിയായാൽ ക്ഷീണം വളരെ കൂടുതലാവുകയും പിന്നെ എല്ലാത്തരം പ്രവൃത്തികളിൽ നിന്നും പിന്തിരിയാനുള്ള ഒരു പ്രവണതയുണ്ടാകുകയും ചെയ്യുന്നു. കൈകാലുകൾക്ക് ശക്തി കുറയുക, നിരുത്സാഹം, കൺപോളകൾക്ക് ഭാരം, ശരീരമാസകലം വർദ്ധിച്ച ക്ഷീണം. എന്നിവ അനുഭവപ്പെടുകയും വ്യക്തി ഉറങ്ങിപ്പോവുകയും ചെയ്യുന്നു. പകൽ മുഴുവൻ ഉണ്ടായ പ്രവൃത്തിയാൽ ശരീരാവയവങ്ങൾക്ക് സംഭവിച്ച ക്ഷീണവും കേടുപാടുകളും തേയ്മാനവും തീർക്കാനാണ് രാത്രിയിൽ ശരീരം ദീർഘനേരം വിശ്രമം ആവശ്യപ്പെടുന്നത്. ഇരുട്ടത്ത് കണ്ണുകാണാത്ത ജീവിയാണ് മനുഷ്യൻ. രാത്രിയിൽ ഇരുട്ടുമാണ്. ഈ സമയം പ്രകൃതി മനുഷ്യന് നിശ്ചയിച്ചിട്ടുള്ളത് വിശ്രമം തന്നെയാണ്. പകൽ മുഴുവൻ ഉണ്ടായ ശ്രമത്തിലൂടെ നഷ്ടപ്പെടുന്ന കരുത്ത് രാത്രിയിലെ വിശ്രമത്തിലൂടെ തിരിച്ചുപിടിക്കണം. എങ്കിലേ പിറ്റേദിവസം പ്രവർത്തിക്കാനുള്ള കരുത്തുണ്ടാവുകയുള്ളൂ. ചലനം, നിശ്ചലനം, വീണ്ടും ചലനം- അതാണല്ലോ ശരീരത്തിന്റെ താളം.

*(ഡോ.പി.എ രാധാകൃഷ്ണൻ രചിച്ച ഓർത്തോപ്പതി എന്ത് എന്തിന് എങ്ങനെ എന്ന പുസ്തകത്തിൽനിന്ന്)*

നെൽവയലിലെ കന്നി അയ്യപ്പൻമാർ-3

# പുഴുവും ചാഴിയും പിന്നെ.......ഞങ്ങളും!

അബ്ദുള്ളക്കുട്ടി എടവണ്ണ

ഒരു കൃഷിക്കാരൻ എങ്ങനെയാണ് തന്റെ വയലിൽ ഒരു ജീവിവിരുദ്ധൻ ആകുന്നതെന്ന് ഞങ്ങൾ തിരിച്ചറിയുകയായിരുന്നു. കൃഷിചെയ്യാത്ത ഒരാൾക്ക് വയലിലൂടെ നടക്കുമ്പോൾ പ്രാവും തത്തയും ശലഭങ്ങളും ചെറുജീവികളും എല്ലാം അരുമകളായ സൗന്ദര്യകാഴ്ചകളാണെങ്കിൽ കൃഷിക്കാരന് തന്റെ വിളകളോടുള്ള സ്വാർത്ഥത നിറഞ്ഞ സ്നേഹം കാരണം ഈ ജീവികളെയെല്ലാം ബദ്ധശത്രുക്കളായി കാണുന്നു.

നെല്ലിനെ ബാധിക്കുന്ന പലതരം രോഗങ്ങളുണ്ടെന്നും അവയുടെ കാരണങ്ങൾ, ലക്ഷണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ (രാസ-ജൈവ പ്രയോഗങ്ങൾ) എന്നിവ എന്തെല്ലാമാണെന്നും പല പ്രസിദ്ധീകരണങ്ങളിൽ നിന്നുമായി ഞാൻ ഒരു നോട്ടുബുക്കിൽ മുമ്പേതന്നെ കുറിച്ചുവെച്ചിരുന്നു. കർഷകശ്രീ മാസിക വർഷങ്ങളായി വരിസംഖ്യയടച്ച് വീട്ടിൽ വരുത്തി ആസ്വാദ്യതയോടെ വായിക്കുമ്പോൾ കിട്ടുന്ന ഇതര കൃഷിനുറുങ്ങുകളും ഈ ശേഖരണത്തിലുണ്ട്. കർഷകശ്രീ മാസിക ഓരോ ലക്കവും താളുകൾ മറിച്ച് മനസ്സാ കൃഷിയിൽ അഭിരമിക്കുന്ന പതിവുമുണ്ടായിരുന്നു. എന്നാൽ ഈ സൈദ്ധാന്തിക-ഭാവനാ തലത്തിലുള്ള വിവരങ്ങളെയെല്ലാം നിസ്സാരവൽക്കരിക്കുന്ന വലിയ അനുഭവപാഠങ്ങളാണ് വയൽ തന്നത്. കൊച്ചുകുട്ടികളുടെ കൗതുക കണ്ണുകളുമായി വരമ്പിലൂടെ നടക്കുമ്പോഴും കണ്ടത്തിലിറങ്ങുമ്പോഴും ഞങ്ങൾ കാണുന്ന കാര്യങ്ങളെല്ലാം പങ്കുവെച്ചു. അറിയുന്നതിന്റെ ആഹ്ളാദം അനുഭവിച്ചറിഞ്ഞു.

ബാക്ടീരിയകളും ഫംഗസുകളുമുണ്ടാക്കുന്ന രോഗങ്ങളും വിവിധ ശലഭങ്ങളുടെ ലാർവകളാകുന്ന പുഴുക്കളും ചാഴിപോലെയുള്ള പ്രാണികളും നടത്തുന്ന ആക്രമണങ്ങളുമാണ് നെല്ലിന്റെ പ്രധാന ഭീഷണികൾ. ഞങ്ങൾ കൃഷിചെയ്ത പുത്തൻ വിത്തുകളായ ഉമ, കരുണ എന്നിവയിൽ ആണ് ഇത്തരം പ്രശ്നങ്ങൾ പൊതുവെ കണ്ടത്. അതുതന്നെ പേരിനുമാത്രം! ഞങ്ങളുടെ ചുറ്റുപാടിലുള്ള ഇതര വയലുകളിലെല്ലാം നേരത്തിന് 'മരുന്നു' പ്രയോഗം നടത്തുന്നുണ്ട്. ശരിക്കുമവർ ഒരു മുഴം മുമ്പേ എറിയുന്നവരാണ്. നമ്മളിൽ പലരും വിശക്കുമ്പോഴല്ലല്ലോ, സമയം നോക്കിയാണല്ലോ ഭക്ഷണം കഴിക്കാറ്. അതുപോലെ പതിവ് സമയമെത്തുമ്പോൾ അവർ ഒരനുഷ്ഠാനം പോലെ ഈ പ്രയോഗങ്ങൾ നടത്തുകയാണ്. ഒരു ജീവിപോലും ഇങ്ങോട്ടു കേറിക്കൂടാ എന്ന വിലക്കോടെ വിഷവേലി കെട്ടുന്നവർ!

ഞാറ് പാകിയ സമയത്ത് മുളപൊട്ടിയ നെന്മണികൾ കൊത്തിയെടുക്കാൻ പ്രാവിൻകൂട്ടങ്ങൾ ഒന്നായിട്ടെത്തും. വിത്തുപാകിയ വിവരം എത്ര പെട്ടെന്നാണ് ഇവരറിയുന്നത്! ഇത്രമാത്രം പ്രാവുകൾ ഞങ്ങളുടെ പരിസരത്ത് ഉണ്ട് എന്ന് അറിയുന്നതപ്പോഴാണ്! അത്ഭുതകരമായ മറ്റൊരു സത്യം ഞങ്ങൾ തിരിച്ചറിഞ്ഞു. പ്രാവുകളുടെ ശാന്തസ്വരൂപവും സൗമ്യഭാവങ്ങളുമെല്ലാം ഇഷ്ടപ്പെടുന്ന ഞങ്ങൾക്ക് കൃഷിയിടത്തിലേക്കുള്ള അവരുടെ ഈ അധിനിവേശം അത്ര ഇഷ്ടമാകുന്നില്ല. കൂട്ടത്തോടെ മുളപൊട്ടിയ വിത്തുകൾ കൊത്തിയെടുത്തു ചിറകടിച്ചുയരുന്നതു കാണുമ്പോൾ ഞങ്ങളിലെ അരുമസ്നേഹം വിദ്വേഷമായി മാറുന്നുവോ? ഒരു കൃഷിക്കാരൻ എങ്ങനെയാണ് തന്റെ വയലിൽ ഒരു ജീവിവിരുദ്ധൻ ആകുന്നതെന്ന് ഞങ്ങൾ തിരിച്ചറിയുകയായിരുന്നു. കൃഷിചെയ്യാത്ത ഒരാൾക്ക് വയൽക്കരയിലൂടെ നടക്കുമ്പോൾ പ്രാവും തത്തയും ശലഭങ്ങളും ചെറുജീവികളും എല്ലാം അരുമകളായ സൗന്ദര്യകാഴ്ചകളാണെങ്കിൽ കൃഷിക്കാരന് തന്റെ വിളകളോടുള്ള സ്വാർത്ഥത നിറഞ്ഞ സ്നേഹം കാരണം ഈ ജീവികളെയെല്ലാം ബദ്ധശത്രുക്കളായി കാണുന്നു. ബഷീറിന്റെ 'ഭൂമിയുടെ അവകാശികളൊ'ക്കെ പൊക്കിപ്പിടിച്ചു നടക്കുന്ന ഞങ്ങൾ ഇങ്ങനെയുള്ള സ്വാർത്ഥ കർഷകർ ആവരുതല്ലോ. ഞങ്ങൾ സ്വയം ബോധ്യപ്പെടുത്തി. അവരൊക്കെയെടുത്തതിന്റെ ബാക്കി മതി ഞങ്ങൾക്ക്! ഈ ബോധ്യം കൃഷിയുടെ ഓരോ ഘട്ടത്തിലും അഹിംസാത്മകമായും സ്വാസ്ഥ്യത്തോടെയും പെരുമാറാൻ ഞങ്ങളെ സഹായിച്ചു.'ഉമ'യിലും 'കരുണ'യിലും പുഴുക്കളെ കണ്ടുതുടങ്ങി. ഒന്നു രണ്ടെണ്ണം കണ്ടുതുടങ്ങിയപ്പോഴേ ഞങ്ങളുടെ മുഖ്യസഹായി ബാലൻ പറഞ്ഞു. 'മരുന്ന് ഉടനെയടിക്കണം.. ഒന്നുമില്ലെങ്കിൽ നിങ്ങളുടെ മട്ടിലുള്ള പുകയില കഷായമോ... അങ്ങനെയെന്തെങ്കിലും..'

ഈ പുഴുക്കൾ എന്താണ് ചെയ്യുകയെന്ന് നോക്കാമല്ലോ എന്ന് ഞങ്ങളും കരുതി. ഞാനെന്റെ നോട്ടുബുക്ക് തുറന്ന് പ്രയോഗങ്ങളൊക്കെ ഒന്നു നോക്കിവെച്ചു. ഞങ്ങൾ വളമായി പ്രയോഗിച്ച വേപ്പിൻപിണ്ണാക്ക്-കടലപ്പിണ്ണാക്ക്-ചാണക മിശ്രിതം അരിച്ചെടുത്ത് സ്പ്രേയർ ഉപയോഗിച്ച് (ഞങ്ങൾ സ്വന്തമായി ഒരു സ്പ്രേയർ വാങ്ങിയിരുന്നു. എന്നാൽ ഇതിന്റെ ആവശ്യം പിന്നീട് വന്നില്ല.) തളിച്ചുനോക്കി. അല്പം വെളുത്തുള്ളിയും കാന്താരിമുളകും അരച്ചുണ്ടാക്കിയ മിശ്രിതം സ്പ്രേ ചെയ്തുനോക്കി. പുഴുക്കൾക്കൊന്നും സംഭവിച്ചിട്ടില്ല. മാത്രവുമല്ല, പുഴുക്കളുടെ എണ്ണം കൂടിത്തുടങ്ങി. പട്ടാമ്പി 'അഭയ'ത്തിലെ കൃഷ്ണേട്ടനെ ഫോണിൽ ബന്ധപ്പെട്ടു. കൃഷ്ണേട്ടൻ പറഞ്ഞു. 'പുഴു അത്ര പ്രശ്നമാക്കേണ്ട. ഇനി നിയന്ത്രണാതീതമായി തോന്നുന്നുവെങ്കിൽ ശീമക്കൊന്നയുടെ കൊമ്പു വെട്ടിയെടുത്ത് അതുകൊണ്ട് വീശി പുഴുക്കളെ വീഴ്ത്തിക്കളയുക.' ഞങ്ങൾ ശീമക്കൊന്നയുടെ കമ്പുകൾ ഒടിച്ചെടുത്ത് കണ്ടത്തിലിറങ്ങി വീശി പുഴുക്കളെ വീഴ്ത്തി. കണ്ടത്തിലെ വെള്ളത്തിലേക്ക് വീണ് അവ വരമ്പ് തുറന്നതോടെ ഒലിച്ചുപോയി. രണ്ടു ദിവസങ്ങളിലായി രാവിലെ ഇറങ്ങി ഞങ്ങൾ നാലുപേരും ശീമക്കൊന്ന പ്രയോഗം നടത്തി. ഇതേസമയം അയൽവാസിയുടെ കണ്ടത്തിൽ ബാലൻ വായും മൂക്കും മൂടിക്കെട്ടി പുഴുക്കളെ തുരത്താനായി വിഷപ്രയോഗം നടത്തുന്നുണ്ടായിരുന്നു. ആളുകൾ ഞങ്ങളോട് ചോദിച്ചു. 'ഇതെന്ത് മരുന്നടിയാണ് നിങ്ങൾ നടത്തുന്നത്?'

എന്തായാലും ആയിരത്തോളം രൂപ ചിലവഴിച്ച് ഞങ്ങളുടെ അയൽവാസി വിഷപ്രയോഗം നടത്തി നിയന്ത്രിച്ച പുഴുക്കളെ ഞങ്ങൾക്ക് നാലു ശീമക്കൊന്നക്കമ്പ് മാത്രമുപയോഗിച്ച് നിയന്ത്രിക്കാൻ സാധിച്ചു.എന്നാൽ 'ഉമ'ക്കും 'കരുണ'ക്കും പിറകെ ഞങ്ങൾ നട്ട നാടൻ വിത്തായ 'കുറുവ'യിൽ ഇത്തരത്തിലുള്ള യാതൊരു പ്രശ്നങ്ങളും കണ്ടില്ല.ഉമയിലും കരുണയിലും കതിരിട്ടു തുടങ്ങിയ സമയത്ത് ചാഴികളെ കണ്ടിരുന്നു. 'ചാഴിയെ പേടിക്കണം!' ജൈവകർഷക സുഹൃത്തുക്കളടക്കം എല്ലാവരും പറഞ്ഞിരുന്നു. ചാഴിയെ നിയന്ത്രിക്കാൻ ചില ജൈവരീതികൾ ഞങ്ങൾ പ്രയോഗിച്ചു നോക്കിയെങ്കിലും ഫലപ്രദമായി തോന്നിയില്ല. കുറച്ചെ

..അടുത്ത പേജിൽ



വേണ്ട, വഴി തെറ്റി വന്നതാ...

*പുഴുവും...*

ണ്ണത്തിനെ വീശിപ്പിടിച്ചു. എന്നാൽ ഒന്നുരണ്ടു ദിവസം കഴിഞ്ഞതോടെ ചാഴികൾ ഒന്നാകെ കണ്ടം വിട്ടു പോയി! ഒന്നും ചെയ്യാതെ തന്നെ. ആളുകൾ പറഞ്ഞു. 'കാലാവസ്ഥയുടെ പ്രത്യേകതയാവാം. ഇക്കൊല്ലം ചാഴി വല്ലാതെ നിന്നില്ല!'

ഞങ്ങൾ ചാഴിയെ തുരത്താൻ മത്തിയും ശർക്കരയും ചേർത്ത് ഒരു മിശ്രിതം തയ്യാറാക്കി വെച്ചിരുന്നു. അത് എടുക്കും മുമ്പേ ചാഴി 'ദാ വന്നു... ദേ പോയി!' പിന്നീടാണ് വയനാട്ടിൽ വെച്ചു കണ്ട കുറിച്യ കർഷകൻ ചെറുവയൽ രാമൻ പറഞ്ഞത്. ചാഴികൾ നെല്ലിൽ പാലുറക്കുന്നതിനു മുമ്പേയുള്ള ഒരു ദിവസം മാത്രമേ ആക്രമിക്കൂ... ആ ഒരു ദിവസം അവർ വന്നാലേ ഉള്ളൂ.. അവരെ അവരുടെ പാട്ടിനു വിടുക. ഞങ്ങളുടെ കുറുവക്കണ്ടം ഈ പ്രദേശത്തെ ഏറ്റവും മനോഹരമായ ഒരു വയൽദൃശ്യമായി വളർന്നുനിന്നു. ഒരു വിജയഗാഥയായി മാറിയേക്കാവുന്ന ഈ കുറുവ വിത്ത് കണ്ടെത്തിയത് രസകരമായ ഒരു യാത്രാനുഭവത്തിലൂടെയായിരുന്നു.
(തുടരും)

# കവിതയുടെ ശരീരങ്ങൾ

## അനിത തമ്പിയുടെ എഴുത്ത്

**എം.പി. പ്രതീഷ്**

ഒന്ന് ഒരു ചവിട്ടുപാതയാണ്. ഇലകൾ വീണുമൂടിയത്. മാന്തളിരുകൾ നിറഞ്ഞത്. അതിലൂടെ നടക്കുമ്പോൾ അവളുടെ ഒച്ച തട്ടി പറവകൾ താഴെ വീഴുകയായിരുന്നു. അത് വീടിനും ലോകത്തിനുമിടയിൽ സഞ്ചരിച്ച ഒരു വഴി. അവളുടെ ശബ്ദത്തിനാൽ അതിന് അനേകം കൈവഴികളുണ്ടായി. അതിലൂടെയാണ് നദിയിലേക്കും വയലിലേക്കും നഗരത്തിലേക്കും അവൾ പോവുന്നത്. അവിടമെല്ലാം, ചില തുളയ്ക്കുന്ന പ്രണയനോട്ടങ്ങൾ, സങ്കടങ്ങൾ, സ്വപ്നം, ഭയം എല്ലാരും വന്നു നിന്നു. അവളെ നേരിട്ടു. മഴയും വെയിലും കാറ്റും പ്രകാശവും നിഴലും ഉണ്ടായി. ആ വഴിക്കു താഴെ എപ്പോഴും ജലസ്പർശമുണ്ടായിരുന്നു. അതിന്റെ ഇരുട്ടുള്ള നനവ് അവളുടെ ഭാഷയിൽ ഒട്ടിനിന്നു.

പിന്നത്തേത് ഒരു മുറ്റമാണ്. അവിടെ കായ്കൾ, പഴങ്ങൾ, ധാന്യങ്ങളെല്ലാം മുറങ്ങളിൽ വിരിച്ചുവെച്ചിരുന്നു. കഴുകി നനച്ചിട്ട തുണികൾ അയകളിൽ കിടന്നു. അതു ചിലപ്പോൾ ഉണങ്ങി, കാറ്റിൽ അകപ്പെട്ട് പറന്നുപോയി. കുന്നിൻമുകളിലെ പുൽപ്പരപ്പിൽ പാവാടഞൊറികൾ വീണു. പുല്ലുകൾ എഴുന്ന് മിണ്ടി. അവൾ എങ്ങോ അപ്രത്യക്ഷമായി. ചിലപ്പോൾ പെട്ടെന്നു വന്ന മഴയത്ത് ഉടുപ്പുമുടലും നനഞ്ഞുകുതിർന്നു. അതികാലത്ത് മുറ്റമടിച്ച് വാക്കുകൾ തെളിച്ചെടുത്തു. ചൂലിൻവരകൾ നോക്കിനിന്നു. അടുക്കളയുടെ ധൃതിയിലേക്ക് പാഞ്ഞു. മുറ്റം വെയിലത്തും നിഴലത്തും ഉറങ്ങുന്ന ശരീരത്തിനെ അവളുടെ ഭാഷയിൽ തുന്നി.

തീവണ്ടിയായിരുന്നു മറ്റൊന്ന്. അവളെ വിടാതെ പിന്തുടർന്നു വന്ന ഒരു നീളൻപാത. അതിന്റെ കിതപ്പും കുലുക്കവും നൃത്തമായി. അവളെ നഗരത്തിലേക്കും ഗ്രാമത്തിലേക്കും പായിച്ചു. അവൾ അവനെയോ മറ്റൊന്നിനെയോ അതിൽ തിരഞ്ഞു. കാത്തിരുന്നു. ജീവിതത്തിന്റെ നിഗൂഢമോ രഹസ്യാത്മകമോ ആയ ഇടങ്ങളെ തീവണ്ടിയിലൂടെ തൊട്ടുതൊട്ടുനടന്നു. അതിനുപുറത്ത് തെരുവ്, വിളക്കുകൾ, മനുഷ്യർ, അവരുടെ അലച്ചിൽ, കലക്കം, അഴുക്ക്, വൃത്തി, വേദന ഒക്കെയും പ്രത്യക്ഷമായി. അവിടെയും ഋതുക്കളുടെ കൈകാലുകൾ പതിഞ്ഞു. ഇരുമ്പിന്റെ ചുവയുള്ള തീവണ്ടിൽ അവളുടെ അതിന്റെ ചലനത്തെ, താളമുദ്രകളെ കുരുക്കിയിട്ടു.

പലതരമായ രുചികളുടെ നിറഭരണികൾ, പാത്രങ്ങൾ, ഇലത്തുമ്പുകൾ, പലതരമായ വെളിച്ചത്തിന്റെ തരികൾ, നിഴലുകളുടെ ചിത്രശാല, തണുത്ത ഭൂമി, സംസാരിക്കുന്ന, കേൾക്കുന്ന, കരയുന്ന, ചിരിക്കുന്ന മരങ്ങൾ, താഴേക്ക് വന്ന് അവളെയും കൊത്തിപ്പറക്കാനായുന്ന വർഷം, നിശ്ശബ്ദത, ജലം എന്നിങ്ങനെ അവളുടെ വാക്കിന്റെ ഉടലുകൾ പലതായിച്ചിതറുകയും മെഴുക്കിച്ചേർന്നുയിർക്കുകയുമാണ്. ആ ഭാഷ, നനഞ്ഞ നീളൻമുടി അഴിച്ചിടുകയും സ്പർശങ്ങളിലൂടെ നടക്കുകയും മുറിഞ്ഞു തിണർക്കുകയും ഉൻമാദം കൊള്ളുകയുമാണ്, അതീവ നിശ്ശബ്ദതയിൽ. ഒരിലയുടെ തണലിൽ.

**പുസ്തകം: മുറ്റമടിക്കുമ്പോൾ (കവിത) –**
**അനിത തമ്പി-തൃശ്ശൂർ കറന്റ് ബുക്സ്**

**കഥാധ്യാനം**


## സ്വർഗ്ഗവും നരകവും

ഒരു സമുറായ് യോദ്ധാവ് സെൻ ഗുരുവിന്റെ അടുത്തെത്തി. ഇങ്ങനെ അഭ്യർത്ഥന നടത്തി. 'എന്നെ സ്വർഗ്ഗത്തേയും നരകത്തേയും കുറിച്ച് പഠിപ്പിച്ചാലും.' സെൻ ഗുരു യോദ്ധാവിനു നേരെ നോക്കി കളിയാക്കി ചിരിച്ചുകൊണ്ട് പറഞ്ഞു. 'പമ്പരവിഡ്ഢിയായ നിന്നെപ്പോലുള്ള ഒരാളെ പഠിപ്പിച്ച് എന്റെ സമയം പാഴാക്കി കളയണമെന്നാണോ നീ വിചാരിക്കുന്നത്?' അപമാനിതനായ സമുറായിയുടെ മുഖം ചുവക്കുകയും ക്രോധം ഉയരുകയും ചെയ്തു. ദേഷ്യത്തോടെ അവൻ വാൾ ഉറയിൽ നിന്നൂരി ഗുരുവിനു നേരെ ഓങ്ങി. സെൻ ഗുരു പെട്ടെന്നിടപെട്ടു.

'ദാ.... ഇതാണ് നരകം!'

ഗുരുവിന്റെ വാക്കുകൾ കേട്ട് സമുറായ് പെട്ടെന്ന് ബോധവാനാകുകയും വിനയാന്വിതനാവുകയും ചെയ്തു. മഹത്തായ പാഠം പകർന്നു നൽകിയതിന്റെ നന്ദിസൂചകമായി അയാൾ ഗുരുവിന്റെ കാൽ തൊട്ടു നമസ്കരിക്കുകയും കൃതജ്ഞത അറിയിക്കുകയും ചെയ്തു. ഗുരു പറഞ്ഞു.

'ഇതാണു സ്വർഗ്ഗം!'



*യന്ത്രരഹിത വാഹനങ്ങൾക്ക് പ്രാമുഖ്യം കൈവരികയാണ്. എണ്ണ ഇന്ധനമായുപയോഗിക്കുന്ന മോട്ടോർ വാഹനങ്ങളുടെ (പ്രത്യേകിച്ചും സ്വകാര്യ വാഹനങ്ങളുടെ) കാലം കഴിയുകയാണ്.*

ഭാരവാഹനങ്ങൾ ഒഴികെയുള്ള മറ്റ് വാഹനങ്ങളുടെ എണ്ണമെടുത്താൽ ഇന്ത്യയിൽ ബസ്സുകളുടെ പങ്ക് 1950-51ൽ 15.18% ആയിരുന്നത് 2003 - 04 ആയപ്പോൾ കേവലം 1.1% ആയികുറഞ്ഞു. സ്വകാര്യ വാഹനങ്ങൾ അതേ കാലയളവിൽ 62% ൽ നിന്നും 93.78% ആയി വർദ്ധിച്ചു. ഇരുചക്രവാഹനങ്ങളുടെ എണ്ണത്തിലാണ് വലിയ കുതിച്ചു ചാട്ടമുണ്ടായിരിക്കുന്നത്. അനിയന്ത്രിതമായ വളർച്ചയ്ക്ക് കടിഞ്ഞാണിട്ടില്ലെങ്കിൽ അവയുടെ എണ്ണം 2005ലെ 8.58 കോടിയിൽനിന്നും 2035 ആകുമ്പോഴേയ്ക്കും 23-കോടിയായി ഉയർന്നേക്കും. 1980ൽ കേവലം 2 ലക്ഷമായിരുന്ന കേരളത്തിലെ മോട്ടോർ വാഹനങ്ങളിൽ കേവലം 4% മാത്രമാണ് ബസ്സുകൾ - 63% ഇരുചക്രവാഹനങ്ങളും 20% നാലുചക്രവാഹനങ്ങളുമാണ്. ഓരോവർഷവും ഏകദേശം 5 ലക്ഷത്തിലധികവും വാഹനങ്ങളാണ് കേരളത്തിൽ പുതിയതായി നിരത്തിലിറങ്ങുന്നത്. ആകെ വാഹനങ്ങളിൽ ഭൂരിഭാഗവും രൂക്ഷമായ ഗതാഗത കുരുക്കുകളും മലിനീകരണവും ഉണ്ടാക്കിക്കൊണ്ട് നഗരപ്രദേശങ്ങളിലാണ് ഓടുന്നത്. കാലാവസ്ഥ വ്യതിയാന കാലത്തെ ഗതാഗത രൂപങ്ങളിൽ പൊതുഗതാഗതത്തിനും യന്ത്രരഹിത വാഹനങ്ങൾക്കും പ്രാമുഖ്യം കൈവരികയാണ്. എണ്ണ ഇന്ധനമായുപയോഗിക്കുന്ന മോട്ടോർ വാഹനങ്ങളുടെ (പ്രത്യേകിച്ചും സ്വകാര്യ വാഹനങ്ങളുടെ) കാലം കഴിയുകയാണ്.

**പിപ്പാലച്ചോട്...** -ശ്രീനി 2d




നോട്ടീസ് ബോർഡ്


## കുംഭമാസ നിലാവ്

ഈ വർഷത്തെ കുംഭമാസ നിലാവ് കൂട്ടായ്മ ഫെബ്രുവരി 23 ശനിയാഴ്ച കരീം.കെ.പുറത്തിന്റെ കോട്ടക്കപ്പാടത്ത്. പരസ്പരം പരിചയപ്പെടാം. സൗഹൃദം പുതുക്കാം. കാലിക്കഞ്ഞി കുടിക്കാം. കോട്ടക്കപ്പാടത്ത് പായ വിരിച്ച് മാതൃഭൂമിയിൽ കിടക്കാം. എല്ലാ ലിറ്റിൽ മാസികാ വായനക്കാരെയും കോട്ടക്കപ്പാടത്തേക്ക് സ്വാഗതം ചെയ്യുന്നു.

ഏറ്റവുമടുത്ത റെയിൽവെ സ്റ്റേഷൻ- ചാലക്കുടി
തൊട്ടടുത്ത ബസ്സ്റ്റാന്റുകൾ- മാള, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ
എത്തിച്ചേരേണ്ടതായ സ്ഥലം- പുത്തൻചിറ മങ്കിടി
ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ- 0480 2893481
അരുൺ തഥാഗത്- 9388120340
ഇല്ല്യാസ്- 9496149173
റോബിൻ- 9446576943
ബിവിൻ മാള- 9495855509
(പ്രവേശന ഫീസില്ല- സാന്നിധ്യം കൊണ്ട് സഹായിക്കുക വരുന്നവർ മുൻകൂട്ടി വിളിച്ചറിയിച്ചാൽ നന്ന്)

ഇന്ത്യയിലെ നിരക്ഷരരായ ഗ്രാമീണരുടെ ഉൾവിളി (Intution) അമേരിക്കൻ ജനതയുടെ ബുദ്ധിശക്തിക്ക് (Intelligence) എത്രയോ മുകളിലാണ്.

*-സ്റ്റീവ് ജോബ്സ്*



*. 100 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കിയും വരിക്കാരാകാൻ താല്പര്യമുള്ളവരുടെ വിലാസങ്ങൾ അയച്ചുതന്നും സഹകരിക്കാം.*
*- ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ-679334*

***മണി ഓർഡർ അയക്കാം. അക്കൗണ്ടിലേക്കും പണമയക്കാം അക്കൗണ്ട് നമ്പർ-ബിജു ജോൺ 0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)***

*ക്യാമ്പയിൻ*

ദേഹമാസകലം തേച്ചുപിടിപ്പിച്ച് കുളിപ്പിക്കുന്ന ബേബി ഓയിൽ കുഞ്ഞിന്റെ അകത്ത് ചെല്ലാൻ പാടില്ലന്ന് കമ്പനി തന്നെ പറയുന്നു.

# പരസ്യത്തിലെ അമ്മയും കുഞ്ഞും

## ജോൺസൻ ആന്റ് ജോൺസനെ സൂക്ഷിക്കുക

ഒരു പേരിലെന്തിരിക്കുന്നു എന്ന് പറയാറുണ്ടല്ലോ. പേരിൽ കാര്യമുണ്ടെന്നാണ് ഇന്ന് പലരും കരുതുന്നത്. അതുകൊണ്ടാണല്ലോ സൂപ്പർമാർക്കറ്റുകളിലും മാളുകളിലും എന്നുവേണ്ട നമ്മുടെ അങ്ങാടികളിലെ ചെറിയ കടകളിൽ പോലും ചെല്ലുന്നവർ ബ്രാൻഡ് നെയിമുകൾ അന്വേഷിക്കുന്നത്. ബ്രാന്റഡ് ഉൽപന്നങ്ങൾ മാത്രം ഉപയോഗിക്കുന്നതിൽ വല്ലാത്ത സംതൃപ്തിയാണ് ജനത്തിന്. വസ്ത്രമായാലും പാദരക്ഷയായാലും സോപ്പായാലും നിത്യേന കഴിക്കുന്ന അരിപോലും ബ്രാന്റഡ് ആവണം എന്നായിട്ടുണ്ട്. ഒരു ബ്രാന്റ് നെയിം വെറുതെ ഉണ്ടാവുന്നതാണോ? അല്ലേയല്ല. കോടികൾ മുടക്കി പത്രമാസികകളിലും ടെലിവിഷനിലും ഒക്കെ പരസ്യം കൊടുത്താണ് വലിയ കമ്പനികൾ സൽപ്പേര് ഉണ്ടാക്കുന്നത്. ബ്രാന്റഡ് സാധനങ്ങൾ മാത്രം വാങ്ങുന്നവർ ഒന്ന് മനസ്സിലാക്കുക. കൊട്ടിഘോഷിക്കപ്പെടുന്ന ബ്രാന്റുകൾക്ക് പിന്നിൽ വൻചതിക്കുഴികൾ ഉണ്ടാവും. ഒരു ഉദാഹരണം:

ലോകമെങ്ങും പേരും പെരുമയുമുള്ള 'ജോൺസൻ ആന്റ് ജോൺസൻ' എന്ന കമ്പനിയുടെ ഏറ്റവും പ്രചാരമുള്ള ഉൽപന്നങ്ങളാണല്ലോ ബേബി ഓയിലും ബേബി പൗഡറും. നമ്മുടെ കുഞ്ഞുങ്ങളുടെ ഇളംമേനിയിൽ മൃദുലത പോരാഞ്ഞിട്ടെന്നവണ്ണം നാം തൂവുന്ന ഈ ഉൽപന്നങ്ങളുടെ ടിന്നിൽ ചെറിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നത് വായിച്ചിട്ടുണ്ടോ? അത്ര എളുപ്പത്തിൽ പിടിതരില്ല ആ വരികൾ. അത്ര ചെറുത്. ബേബി പൗഡറിൽ എഴുതിയിരിക്കുന്നത്, പൗഡർ കുട്ടികൾ ശ്വസിക്കാനിട വരരുത്. വായിലോ മൂക്കിലോ കയറാതെ നോക്കണം. കുട്ടികൾ എടുക്കാത്തിടത്ത് വെക്കണം എന്നൊക്കെയാണിതിന്റെ പച്ച മലയാളം. സമാനമായ കാര്യങ്ങൾ തന്നെയാണ്. ബേബി ഓയിലിലും എഴുതിയിരിക്കുന്നത്. അതായത് ശക്തിയിൽ കുടഞ്ഞ് വാരിപ്പൂശി കുഞ്ഞുങ്ങളുടെ മേൽ പൊത്തിപ്പിടിപ്പിക്കുന്ന പൗഡർ മൂക്കിലും വായിലും കയറരുതത്രേ! പരസ്യത്തിലെ അമ്മ പൗഡർ പൂശുന്നത് കണ്ടിട്ടില്ലേ. ദേഹമാസകലം തേച്ചുപിടിപ്പിച്ച് കുളിപ്പിക്കുന്ന ബേബി ഓയിൽ അൽപ്പം പോലും കുഞ്ഞിന്റെ അകത്ത് ചെല്ലാൻ പാടില്ലത്രെ! എങ്ങനെയുണ്ട് കാര്യങ്ങൾ? അകത്ത് ചെന്നാൽ കൊടിയവിഷം. ദേഹത്ത് തൂവാം. തേച്ചുപിടിപ്പിക്കാം. കുഞ്ഞുങ്ങളുടെ വായും മൂക്കും കണ്ണും മറ്റും മൂടാൻ ഒരു സംവിധാനം കൂടി കമ്പനിക്കാർ ഫ്രീയായി നൽകണം. കോർപ്പറേറ്റ് ഭീമന്മാരുടെ കൊടിയ വഞ്ചനയ്ക്ക് വേറെ ഉദാഹരണം വേണോ?

# BOYCOTT GREEDY CORPORATIONS

peaceproject.com 888-822-7075 (#MS187)

Edited, Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara., Malappuram District.